മലങ്കര ഓർത്തഡോക്സ് സുറിയാനി സഭ
MALANKARA ORTHODOX SYRIAN CHURCH

Vol. 1 No. 43 | THE ONLINE OFFICIAL NEWS BULLETTIN | 2018 October 11

SEASON OF CROSS — സ്ലീബാകാലം — ܥܸܕܢܵܐ ܕܨܠܝܒܵܐ

SUNDAY	MONDAY	TUESDAY	WEDNESDAY	THURSDAY	FRIDAY	SATURDAY
♪5 14	♪1 15	♪5 16	♪1 17	♪5 18	♪1 19	♪5 20
5th Sunday after the Feast of Holy Cross Comme. of St. Athanasios of Alexandria	Comme. of St. Osyo the Ascetic			Comme. of St. Luke the Evangelist		



ഓട്ടുപാറ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളി നവതിയാഘോഷ സമാപനം

കുന്നംകുളം: ഓട്ടുപാറ സെന്റ് ജോർജ് ഓർത്തഡോക്സ് വലിയ പള്ളിയുടെ തൊണ്ണൂറ്റിയൊന്നാം ഇടവകദിന പെരുന്നാൾ ഒക്ടോബർ 6, 7 തീയതികളിൽ നടന്നു. വി. കുർബ്ബാനയും നവതി സ്മാരക മന്ദിരത്തിന്റെ കൂദാശയും പ. കാതോലിക്കാ ബാവ നിർവ്വഹിച്ചു. യൂഹാനോൻ മാർ സേവേറിയോസ് സ്മാരക ലൈബ്രറി ഉദ്ഘാടനം, നവതി സ്മരണികയുടെ പ്രകാശനം എന്നിവയും പ. ബാവ നിർവ്വഹിച്ചു.



കൊല്ലാട് പള്ളിയിൽ നടന്ന ഗീവർഗീസ് മാർ കൂറിലോസിന്റെ സപ്തതി ആഘോഷ സമ്മേളനത്തിൽ ഫാ. ഡോ. ടി. ജെ. ജോഷ്വാ പ്രസംഗിക്കുന്നു.



സണ്ടേസ്കൂളിന്റെ ഈ വർഷത്തെ ജീവകാരുണ്യ നിധി കണ്ടനാട് വെസ്റ്റ് ഭദ്രാസനത്തിന്റെ ആഭിമുഖ്യത്തിലുള്ള ജീവകാരുണ്യ പ്രസ്ഥാനങ്ങൾക്കായി നൽകി. ദേവലോകം കാതോലിക്കേറ്റ് അരമന ഹാളിൽ നടന്ന സണ്ടേസ്കൂളിന്റെ വാർഷിക സമ്മേളനത്തിൽ വച്ച് പ. കാതോലിക്കാ ബാവാ തുക കൈമാറുന്നു.

പരുമല പെരുനാളിന്റെ പ്രധാന പന്തലിന്റെ കാൽനാട്ടൽ കർമ്മം



പരുമല: പ. പരുമല തിരുമേനിയുടെ 116-ാമത് ഓർമ്മപെരുനാളിന്റെ പ്രധാന പന്തലിന്റെ കാൽനാട്ടൽ കർമ്മം അടൂർ-കടമ്പനാട് ഭദ്രാസനാധിപൻ ഡോ. സഖറിയ മാർ അപ്രേം മെത്രാപ്പോലീത്താ നിർവഹിച്ചു. പരുമല സെമിനാരി മാനേജർ ഫാ. എം. സി. കുര്യാക്കോസ് ക്രമീകരണങ്ങൾക്ക് നേതൃത്വം നല്കി. അസി. മാനേജർ ഫാ. കെ. വി. ജോസഫ് റമ്പാൻ, കൗൺസിൽ അംഗങ്ങൾ എന്നിവർ സംബന്ധിച്ചു.

മിഷൻ വയലുകൾ

മലങ്കരയുടെ വയൽകനികളും കിനാവുകളും

ഫാ. ഡോ. ജേക്കബ് കുര്യൻ

"പിതാവ് എന്നെ അയച്ചതുപോലെ ഞാനും നിങ്ങളെ അയയ്ക്കുന്നു" (യോഹ. 20:21). "ഞാൻ അയയ്ക്കുന്നു" എന്നർത്ഥമുള്ള "മിസ്സിയോ" എന്ന ലത്തീൻ പദത്തിൽ നിന്നുണ്ടായതാണ് "മിഷൻ" എന്ന ഇംഗ്ലീഷ് പദം. ഒരു ദൗത്യത്തിനായി അയയ്ക്കുന്നു എന്ന സൂചനയാണ് ഈ പദങ്ങൾക്കുള്ളത്. സ്വർഗ്ഗീയ പിതാവ് ലോകരക്ഷക്കായി പുത്രനെ അയച്ചതാണ് ദൈവത്തിന്റെ 'മിഷൻ.' ദൈവിക രക്ഷയുടെ സന്ദേശം അറിയിപ്പാൻ ശിഷ്യരെ, പുത്രൻതമ്പുരാൻ അയച്ചതാണ് സഭയുടെ മിഷൻ. ഈ 'മിഷൻ' നിർവ്വഹിക്കുവാൻ അയയ്ക്കപ്പെട്ടവരെ വി. വേദപുസ്തകം "സാക്ഷികൾ" എന്നു വിശേഷിപ്പിക്കുന്നു (അപ്പോ. പ്ര. 1:8; 1:22).

സുവിശേഷദൗത്യത്തിന് പുതിയനിയമം ഉപയോഗിക്കുന്ന മനോഹര പദപ്രയോഗങ്ങളാണ്, 'സാക്ഷ്യം നൽകുക', 'സാക്ഷികൾ ആകുക' മുതലായവ (മത്താ. 24:14, യോഹ. 1:7, 3:11, അപ്പോ. പ്ര. 1:8, 2:32, 3:15, 4:33, 22:15). അതുകൊണ്ട്, ആദിമ സഭാപാരമ്പര്യത്തിലും, പൗരസ്ത്യ സഭകളിലെക്കാലവും, "സാക്ഷീകരണം" എന്ന ആശയമാണ് "സുവിശേഷീകരണ"ത്തിൽ ഉദ്ദേശിക്കുന്നത്.

മത്തായി 10:5-6, 15:24-26, അപ്പോ. പ്ര. 1:8 എന്നിവിടങ്ങളിൽ സാക്ഷീകരണത്തിന്റെ ഒരു പ്രധാന പ്രസരണക്രമം വ്യക്തമാക്കുന്നു. സ്വന്തം ജനങ്ങളുടെ ഇടയിലെ പ്രവർത്തനത്തിൽ കൂടി, കൂടുതൽ വിശാല മേഖലയിലേക്ക് പ്രവേശിക്കണം, എന്നതാണ് ഈ പ്രസരണക്രമം. യെരുശലേമും, യഹൂദ്യയും, ഇസ്രായേൽ കുലത്തിലെ കാണാതെപോയ ആടുകളും, ശമര്യക്കാരും, ലോകത്തിലെ സകല ജാതികളും, ഭൂമിയുടെ അറ്റത്തോളം ഈ സാക്ഷീകരണ ചക്രവാളമാണ് എന്നു പറയുമ്പോൾ, സ്വജാതികളിൽ തുടങ്ങി ലോകത്തിന്റെ അറ്റത്തോളം എത്തുന്ന ഒരു നിയോഗമായിട്ടെടുക്കണം.

ആദിമസഭയുടെ സാക്ഷീകരണത്തിന്റെ ഉള്ളടക്കം നാലു സംഗതികളായിരുന്നുവെന്ന് അപ്പോ. പ്ര. 2:42-46 വ്യക്തമാക്കുന്നു. 1. അപ്പോസ്തോലന്മാരുടെ ഉപദേശം (കെറുഗ്മ) കേട്ടു. 2. കൂട്ടായ്മ ആചരിച്ചു (കൊയ്നോണിയ). 3. അപ്പം നുറുക്കി, പ്രാർത്ഥന കഴിച്ചു (യഫ്ക്കാറസ്തിയ). 4. പരസ്പരം കരുതി (ഡയക്കോണിയ).

സാക്ഷീകരണത്തിന് നാല് സുഗന്ധങ്ങൾ ഉണ്ടെന്ന് പ. പൗലൂസ് ശ്ലീഹായുടെ വാക്കുകളിൽ നിന്നു മനസ്സിലാക്കാം. 1. ധൈര്യം (Courage), 2. നിർബ്ബന്ധം (Compulsion), 3. ഭാരപ്പെടൽ (Concern), 4. ആത്മവിശ്വാസം (Confidence). നാലു കാര്യങ്ങളെയും വ്യക്തമാക്കുന്ന നാലു വാക്യങ്ങൾ ശ്രദ്ധിക്കാം.

1. റോമർ 1:16: "സുവിശേഷത്തെക്കുറിച്ച് എനിക്കു ലജ്ജയില്ല; വിശ്വസിക്കുന്ന ഏവനും, ആദ്യം യഹൂദനും പിന്നെ യവനനും അതു രക്ഷയ്ക്കായി ദൈവശക്തിയാകുന്നുവല്ലോ."

ലജ്ജ തോന്നാത്ത ധൈര്യമാണിത്.

2. 1 കൊരി. 9:16: "നിർബ്ബന്ധം എന്റെമേൽ കിടക്കുന്നു; ഞാൻ സുവിശേഷം അറിയിക്കുന്നില്ല എങ്കിൽ എനിക്കു അയ്യോ കഷ്ടം."


ഒരു ആന്തരിക നിർബ്ബന്ധം സുവിശേഷകനെ കർമ്മോൽസുകനാക്കുന്നു.

3. 2 കൊരി. 11:28: "എനിക്കു ദിവസേന സർവ്വസഭകളെയും കുറിച്ചുള്ള ചിന്താഭാരം എന്ന തിരക്കും ഉണ്ട്."

തന്റെ ഉത്തരവാദിത്വ പൂർത്തീകരണത്തിനായി ഒരു ഭാരപ്പെടൽ ആണ് ഈ വാക്കുകൾ.

4. ഫിലിപ്പിയർ 4:13: "എന്നെ ശക്തനാക്കുന്നവൻ മുഖാന്തരം ഞാൻ സകലത്തിനും മതിയാകുന്നു."

സാക്ഷീകരണത്തിന്, ഒരു ശുഭചിന്തയും ആത്മവിശ്വാസവും അനുപേക്ഷണീയമാണ്. അതുണ്ടാകുന്നത് ദൈവം സകലത്തിനും പ്രാപ്തമാക്കുന്നു എന്ന വിശ്വാസം നിറയുമ്പോഴാണ്.



ഡോ. ഗീവർഗീസ് മാർ ഒസ്താത്തിയോസ്

ഇനി "സാക്ഷീകരണ"ത്തിന്റെ അല്പം ചരിത്രത്തിലേക്ക് കടക്കാം. ലോകത്തിന്റെ വിവിധ ഭാഗങ്ങളിൽ ചിതറിപ്പോയിരുന്ന യഹൂദന്മാർ, ക്രിസ്തുസുവിശേഷത്തിന്റെ വാഹകരായി മാറുവാൻ പലയിടങ്ങളിലും ഇടയായി. അതിനായി ദൈവം അവരെ വിവിധ സ്ഥലങ്ങളിലേക്ക് അയച്ച വഴിയാണ്, യഹൂദന്മാരുടെ ചിതറിപ്പോക്ക് എന്ന് വ്യാഖ്യാനിക്കുന്നവരുമുണ്ട്. ആദിമ ക്രിസ്തുശിഷ്യർ ഓരോ സ്ഥലത്തും എത്തിയപ്പോൾ, യഹൂദന്മാരെ കണ്ടെത്തുവാനും, അവരുടെയിടയിൽ പാർക്കുവാനും അവരിലൂടെ ഓരോ നാട്ടിലുമുള്ളവരുമായി ബന്ധപ്പെടുവാനും സാധിച്ചു. അന്യഭാഷാവരം ലഭിച്ചവർക്ക്, ആ വരം ഉപയോഗിക്കേണ്ടിവന്ന അത്യാവശ്യ സന്ദർഭങ്ങളിൽ അതു പ്രയോജനപ്പെട്ടുവെങ്കിലും, സ്വാഭാവികമായ ആശയവിനിമയത്തിന്റെ മാർഗ്ഗത്തിൽ അവർ സ്വന്തം ഭാഷക്കാരെ കണ്ടെത്തിയെന്നത് ഒരു വസ്തുതയാണ്.

മാർത്തോമ്മാശ്ലീഹായും സാക്ഷീകരണത്തിന്റെ സുഗന്ധങ്ങളുമായി ഇന്ത്യയിലെത്തിയപ്പോൾ സ്വാഭാവികമായും ഇന്ത്യയിൽ അധിവാസമുറപ്പിച്ച യഹൂദതാവളങ്ങളിലേക്കാണ് ആദ്യം ചെന്നത്. ഇന്ത്യയിൽ സുവിശേഷം ആദ്യം അറിയിച്ചത് ഇവിടെയുണ്ടായിരുന്ന യഹൂദന്മാരോടാണ്. ഭാഷയിലും, സാംസ്കാരിക ഘടകങ്ങളിലും, ഐക്യം കണ്ടെത്തുക മാത്രമല്ല, അവരുടെ ആന്തരികാന്വേഷണത്തിന് ഒരു പൊതുവേദിയുണ്ടാകയും ചെയ്തു. ചിതറിപ്പോയ യഹൂദർ, തങ്ങൾ കാത്തിരുന്ന "മിശിഹാ"യുടെ ആഗമനം ഒരു പവിത്രസ്വപ്നമായി കണ്ടിരുന്നു. ആ 'മിശിഹാ' വന്നുവെന്നും, അവനെ കണ്ടുവെന്നും, അവൻ തന്നെ അയച്ചുവെന്നും, അവനിൽ ഒരു ആന്തരികവിപ്ലവം ആരംഭിച്ചിരിക്കുന്നുവെന്നും,

കേട്ടത് സ്വാഭാവികമായും പരദേശി യഹൂദന്മാരിൽ യേശുവിനെക്കുറിച്ച് താൽപര്യം വർദ്ധിപ്പിച്ചു.

ഇന്ത്യയിൽ സുവിശേഷം പ്രചരിച്ച രീതിയും, പാശ്ചാത്യദേശങ്ങളിൽ പ്രചരിച്ച രീതിയും തമ്മിൽ ഒരു പ്രധാന വ്യത്യാസം ഉണ്ടായിരുന്നു. പാശ്ചാത്യദേശങ്ങളിൽ യഹൂദർക്കും ക്രൈസ്തവർക്കും വളരെ പീഡനങ്ങൾ നേരിടേണ്ടിവന്നുവെങ്കിൽ, ഇന്ത്യയിൽ നൂറ്റാണ്ടുകളായി നിലനിന്ന സഹിഷ്ണുതാ മനോഭാവം രണ്ടിനെയും, ആവശ്യക്കാർക്ക് പിൻപറ്റാവുന്ന "മാർഗ്ഗ"ങ്ങളായി അംഗീകരിച്ചു. മാത്രവുമല്ല, ഭരണാധികാരികൾ അവർക്ക് പദവികളും അവകാശങ്ങളും കൊടുത്താദരിച്ചു.

ഇക്കാര്യത്തോട്, ഒന്നു കൂട്ടിച്ചേർത്തു പറയുവാനുമുണ്ട്. ഇന്ത്യയിൽ യഹൂദ, ക്രൈസ്തവ ചരിത്രങ്ങളിൽ രൂപപ്പെട്ട ആഭ്യന്തര കലഹങ്ങൾക്ക്, ഇന്ത്യയിലെ തദ്ദേശീയ ജനവിഭാഗങ്ങൾ ഒട്ടും ഉത്തരവാദികളും അല്ല. യാഥാസ്ഥിതിക യഹൂദർ, യഹൂദക്രൈസ്തവർ എന്നിങ്ങനെ രണ്ടു വിഭാഗങ്ങൾ തമ്മിൽ വൈരം വർദ്ധിച്ചതിന്റെ രക്തസാക്ഷിയായിട്ടായിരിക്കാം മാർത്തോമ്മാശ്ലീഹാ മരണപ്പെട്ടത്. ഭാരതക്രൈസ്തവരുടെ ഇടയിൽ ഉണ്ടായ പിൽക്കാല വിഭജനങ്ങളുടെയും മുഖ്യ കാരണം, ഇവിടേയ്ക്കു വന്ന പാശ്ചാത്യ അധിനിവേശശക്തികളുടെ മതമാത്സര്യം ആയിരുന്നു.

ഇന്ത്യയിലെ മതസഹിഷ്ണുതാമനോഭാവം പശ്ചാത്തലമാക്കി വളർന്നു വന്ന ക്രൈസ്തവ സമൂഹത്തിന് ഇവിടത്തെ സാംസ്കാരിക അടിസ്ഥാനങ്ങളെ ഉൾക്കൊള്ളുവാൻ കഴിഞ്ഞു. തികച്ചും തദ്ദേശീകൃതമായ ഒരു ക്രിസ്തീയത അങ്ങനെ രൂപപ്പെട്ടു. ഇതരസമൂഹങ്ങളുടെയിടയിൽ ക്രിസ്ത്യാനികൾക്ക് മതിപ്പും അംഗീകാരവും ഉണ്ടായി. വല്ലപ്പോഴും പേർഷ്യയിൽ നിന്നും മറ്റും വന്നുകൊണ്ടിരുന്ന ക്രിസ്ത്യാനികളും, ക്രിസ്തീയ മേലദ്ധ്യക്ഷന്മാരും ഇവിടത്തെ പ്രബലമായ ക്രൈസ്തവസമൂഹത്തിൽ സഹർഷം സ്വീകരിക്കപ്പെട്ടു.

"നസ്രാണികൾ" എന്ന പദം ദക്ഷിണേന്ത്യയിലെ പുരാതന ക്രിസ്ത്യാനികൾക്കു വന്നുചേർന്നതാണ്. "സുറാനി" എന്ന പദം സുറിയാനി (അരാമായ) സംസാരിച്ചിരുന്ന യഹൂദർക്ക് ഉപയോഗിച്ചിരുന്നതാണ്. അവരിൽ ക്രിസ്ത്യാനികളായവരെ "നാസ്" (നസ്രായന്റെ അനുഗാമി) എന്ന വിശേഷണവും ചേർത്ത് വിളിച്ചപ്പോൾ "നസുറാണി" അഥവാ "നസ്രാണി" ഉണ്ടായതാവാം. പുരാതന കച്ചവടപ്രമാണികളെ "മാപ്പിള"യെന്ന് വിളിച്ചിരുന്നു. മൂന്നുതരം മാപ്പിളമാർ മലങ്കരയിൽ ഉണ്ടായി. 1. സുറാണി മാപ്പിള 2. നസ്രാണി മാപ്പിള 3. ജോനക മാപ്പിള. സുറാണി മാപ്പിളമാർ യഹൂദരും, നസ്രാണി മാപ്പിളമാർ ക്രിസ്ത്യാനികളും, ജോനക മാപ്പിളമാർ അറബി പശ്ചാത്തലത്തിൽ നിന്നു വന്ന മുസ്ലീമുകളും ആയിരുന്നു. ഇതിൽ നസ്രാണി മാപ്പിളമാരിൽ തന്നെ "തെക്കുംഭാഗരും", "വടക്കുംഭാഗരും" ഉണ്ടായി. 'തെക്കുംഭാഗർ' പല കാലങ്ങളിലായി മലങ്കരയിൽ കുടിയേറിയ പേർഷ്യൻ യഹൂദ ക്രിസ്ത്യാനികളായിരുന്നു. അവർ പിന്നീട് "ക്നാനായക്കാർ" എന്ന് അറിയപ്പെട്ടു. "വടക്കുംഭാഗർ" തദ്ദേശീയരായിത്തീർന്ന യഹൂദരും, യഹൂദ സങ്കരവർഗ്ഗക്കാരും, തദ്ദേശീയ ആര്യ-ദ്രാവിഡ വർഗ്ഗക്കാരും, മറ്റ് തദ്ദേശീയ ജനവിഭാഗങ്ങളും ഒക്കെ ക്രിസ്തീയ മാർഗ്ഗം സ്വീകരിച്ചവരിലുണ്ടായിരുന്നു. തെക്കുംഭാഗരും, വടക്കുംഭാഗരും തമ്മിൽ വൈരമോ, മതപരമായ അന്തരമോ ഇല്ലാതിരുന്ന ഒരു പൂർവ്വകാലം ഉണ്ടായിരുന്നു. എങ്കിലും പിൽക്കാലത്ത് തെക്കുംഭാഗർ സുറിയാനിക്കാരായി അറിയപ്പെടുവാനും, തങ്ങളുടെ വംശീയ സ്വത്വം പരിപാലിക്കാനും ശ്രദ്ധിച്ചു. അതുകൊണ്ട്, "നസ്രാണികൾ" എന്ന പദവും, "സുറിയാനിക്കാർ" എന്ന പദവും യഥാക്രമം വടക്കുംഭാഗർക്കും, തെക്കുംഭാഗർക്കുമായി സാങ്കേതികമായി പരിമിതപ്പെടുത്തണം എന്ന് താൽപര്യപ്പെടുന്ന ചരിത്രപഠിതാക്കൾ ഉണ്ട്. എന്തായാലും "നസ്രാണി"കളും "സുറിയാനി" ക്രിസ്ത്യാനികളും ഒരു സുവിശേഷദൗത്യം വഹിക്കുന്നവരായിരുന്നോ എന്ന ചോദ്യത്തിന് പ്രസക്തിയുണ്ട്.

മതംമാറ്റം ലക്ഷ്യമാക്കി, സഭയിൽ അംഗസംഖ്യ വർദ്ധിപ്പിക്കുന്ന ഒരു കർമ്മ പരിപാടി അവർക്കില്ലായിരുന്നു എന്നു വ്യക്തം. എന്നാൽ, പല വിധത്തിലും പ്രകാശം ചൊരിയുന്ന ഒരു സമൂഹമായി, ഇതരസമൂഹങ്ങളോട് ചേർന്നു കഴിയുവാൻ അവർ ശ്രദ്ധിക്കയും ചെയ്തു. ഇത് ഒരു സാക്ഷീകരണശൈലി ആയിട്ടെടുക്കുകയെന്നതാണ്, മലങ്കരസഭയുടെ സാക്ഷീകരണ ചരിത്രത്തിന് അനുപേക്ഷണീയമായിരിക്കുന്നത്.

ഈ സാക്ഷീകരണശൈലിയുടെ രണ്ടു കാലഘട്ടത്തിലെ ചിത്രങ്ങളിലേക്ക് വളരെ വേഗത്തിൽ ഒന്ന് എത്തിനോക്കാം: ഒന്നാമത്തെ കാലഘട്ടം ഒന്നു മുതൽ



പതിനെട്ടാം നൂറ്റാണ്ടു വരെ; രണ്ടാമത്തെ കാലഘട്ടം, പത്തൊമ്പതാം നൂറ്റാണ്ടു മുതൽ.

ഒന്നാമത്തെ കാലഘട്ടത്തെത്തന്നെ, പതിനാറാം നൂറ്റാണ്ടുവരെയും അതിനുശേഷവുമായി കാണേണ്ടിയിരിക്കുന്നു. പതിനാറാം നൂറ്റാണ്ടിൽ പോർത്തുഗീസുകാർ ഉദയംപേരൂർ സുന്നഹദോസിലൂടെ മലങ്കരസഭയുടെ തദ്ദേശീയികൃതരൂപം തകർത്തു. അതുവരെ ഇവിടുത്തെ സാമൂഹ്യവ്യവസ്ഥിതിയോട് ഇഴുകിച്ചേർന്ന് കഴിഞ്ഞവരായിരുന്നു മലങ്കര ക്രിസ്ത്യാനികൾ. അവർക്ക്, അങ്ങാടിയിലും കോട്ടയ്ക്കകത്തും പ്രവേശിച്ച് ജോലി ചെയ്വാൻ അനുമതി ലഭിച്ചിരുന്നു. അവർ വിശ്വസ്തരും പൊതുവെ ശാന്തസ്വഭാവക്കാരും ആയിരുന്നു. അതുകൊണ്ട് അളവിന്റെയും തൂക്കത്തിന്റെയും ചുമതല അവർക്കായിരുന്നു. അവർ ധൈര്യശാലികളും രാജ്യസ്നേഹികളുമായ യോദ്ധാക്കളും ആയിരുന്നതിനാൽ, നാട്ടുരാജാക്കന്മാർ അവരെ തങ്ങളുടെ പടയിൽ ചേർത്തു. ഉത്സവങ്ങളും പെരുന്നാളുകളും, നടത്തപ്പെടുമ്പോൾ സമൂഹമൈത്രിയുടെ സൂചനകളായി പല പ്രാദേശികാചരണങ്ങളും നടപ്പിലിരുന്നു.

പള്ളികളുടെ ശില്പമാതൃക മൗലികമായും തദ്ദേശീയമായിരുന്നുവെങ്കിലും ക്രിസ്തീയമായ പ്രതീകങ്ങളെയും ആശയങ്ങളെയും അതിലുൾപ്പെടുത്തുവാൻ ശ്രദ്ധിച്ചിരുന്നു. പള്ളിയോട് ചേർന്ന് പള്ളിയോഗങ്ങളും, നാട്ടുകൂട്ടങ്ങളും, തറക്കൂട്ടങ്ങളും ഉണ്ടായിരുന്നു. നസ്രാണികളുടെ പ്രധാന സ്വയംഭരണ സംവിധാനമാണ് ഈ കൂട്ടങ്ങളിലൂടെ പ്രയോഗക്ഷമമായത്. പ്രാദേശിക സമൂഹത്തിന്റെ ആത്മീയ നേതാവ് 'ചാത്ത'നാളോ, 'കത്തനാരോ', 'കശ്ശീശ'യോ ആയി അറിയപ്പെട്ടു. അവർക്ക് പൊതുവിലുള്ള ഒരു നേതാവ് "ജാതിക്കുകർത്തവ്യൻ" ആയിരുന്നു.

മതപരമായ കർമ്മങ്ങളിൽ പ്രധാനം വി. കുർബാനയായിരുന്നു. കുർബാനയ്ക്ക് വളരെ പുരാതനകാലം തൊട്ടേ പൗരസ്ത്യ സുറിയാനിയിലുള്ള ഒരു ക്രമം ഉപയോഗത്തിലിരുന്നു. കുമ്പസാരത്തെ അനുസ്മരിപ്പിക്കുന്ന ഒരു കർമ്മവും, രോഗികളെ തൈലാഭിഷേകം നടത്തുന്ന ഒരു രീതിയും ഉണ്ടായിരുന്നു. പെസഹായുടെ അത്താഴത്തെ അനുസ്മരിപ്പിക്കുന്ന ഒരു ചടങ്ങും വീടുകളിൽ ഗൃഹനാഥന്റെ നേതൃത്വത്തിൽ നടക്കുമായിരുന്നു. വിവാഹത്തോട് ചേർന്ന് പല ചടങ്ങുകളും ഗൃഹാന്തരീക്ഷത്തിൽ നടന്നിരുന്നു.

വിശ്വാസപരമായി, ക്രിസ്തീയതയുടെ അടിസ്ഥാനസംഗതികൾ അവർക്കു പ്രധാനമായിരുന്നു. വിശുദ്ധ ത്രിത്വം, മനുഷ്യവതാര രഹസ്യം, വി. കുർബ്ബാന, കന്യകമറിയാമിന്റെ മദ്ധ്യസ്ഥത മുതലായ കാര്യങ്ങൾ ഗൗരവതരമായിട്ടെടുത്ത ഒരു സമൂഹമായിരുന്നു ഇതെന്ന് സാക്ഷ്യപ്പെടുത്തിയ അനേകം യാത്രാവിവരണങ്ങൾ ലഭ്യമായിട്ടുണ്ട്. കൂടാതെ, മയിലാഞ്ചിപ്പാട്ട്, വിളക്കുതൊടീൽപ്പാട്ട്, കന്നിഉമ്മയുടെ പാട്ട്, മിശിഹായുടെ പാട്ട് മുതലായ നസ്രാണി നാടൻപാട്ടുകൾ, നസ്രാണികളുടെ വിശ്വാസ സത്യങ്ങളെ സംഗ്രഹിച്ചിരുന്നു. നൂറ്റാണ്ടുകൾ പഴക്കമുള്ള പാട്ടുകളും ആചാരങ്ങളും വിശ്വാസത്തിൽ ക്രൈസ്തവവും, സംസ്കാരത്തിൽ തദ്ദേശീയവുമായ ഒരു ജനവിഭാഗത്തെ വെളിപ്പെടുത്തി.

നസ്രാണികളുടെ പേരുകൾ വേദപുസ്തകനാമങ്ങൾ തന്നെ ആയിരുന്നുവെങ്കിലും ഈ പേരുകൾക്ക് തദ്ദേശീയമായ ദ്രാവിഡ രൂപങ്ങൾ നിലവിലിരുന്നു. ഉദാഹരണത്തിന് അബ്രഹാം, 'ഇട്ടി'യും, യൗസേഫ് 'ഔത'യും സാറ 'താണ്ട'യും ഒക്കെ ആയി രൂപപ്പെട്ടു.

16-ാം നൂറ്റാണ്ടിലെ ഉദയംപേരൂർ സുന്നഹദോസ്, നസ്രാണികളുടെ സാംസ്കാരികത്തനിമയെ നശിപ്പിച്ചുവെന്നു വേണം പറയുവാൻ. പിന്നീടു നടന്ന ലത്തിനീകരണത്തിലും, ആംഗ്ലിക്കൻ നവീകരണത്തിലും, പാശ്ചാത്യ സുറിയാനിവത്ക്കരണത്തിലും, മലങ്കര ക്രിസ്ത്യാനികളുടെ സ്വത്വബോധം തന്നെ നാശോന്മുഖമാക്കി. അല്പസ്വല്പം തദ്ദേശീയഭാവം നിലനിർത്തിക്കൊണ്ട്, പതിനെട്ടാം നൂറ്റാണ്ടുവരെ നിലനിന്ന നസ്രാണികൾക്ക്, ഇംഗ്ലീഷുകാർ ഒരു "പ്യൂരിറ്റൻ" സഭാശൈലികൊണ്ടു വന്നപ്പോൾ തങ്ങളുടെ സാംസ്കാരികത്തനിമയെക്കുറിച്ച് ഒത്തിരി ചിന്താക്കുഴപ്പം വരുത്തിവച്ചു. അതുകൊണ്ട് "സാക്ഷീകരണ"ത്തെക്കാൾ, പിടിച്ചുനിൽക്കാനുള്ള തത്രപ്പാടിന് ബലമേറി.

19-ാം നൂറ്റാണ്ടായപ്പോൾ, മലങ്കരസഭയ്ക്ക് പ്രത്യേകമായും, സാക്ഷീകരണത്തിന്റെ ഒരു നവശൈലി രൂപപ്പെട്ടു. പഴയതും പുതിയതും സമന്വയിച്ച ഒരു ശൈലിയിലേക്കുള്ള മാറ്റം ഇവിടെ പ്രകടമാണ്. ഈ മാറ്റം, ഭാരതത്തിൽ മുഴുവനും ഉണ്ടായ ഒരു നവോത്ഥാന പ്രസ്ഥാനത്തിന്റെ പശ്ചാത്തലത്തിൽ, കൂടുതൽ ശ്രദ്ധേയമാകുന്നു. ഭാരതത്തിന്റെ നവോത്ഥാന നായകരായ രാജാറാം മോഹൻ റോയിയും, കെഷബ് ചന്ദ്രസെന്നും, സ്വാമി ദയാനന്ദ സരസ്വതിയും, ശ്രീരാമകൃഷ്ണ പരമഹംസരും, സ്വാമി വിവേകാനന്ദനും ഒക്കെ ഹിന്ദുമതജീവിതത്തിൽ പഴയതും പുതിയതും സമന്വയിക്കാൻ സംഭാവനകൾ നൽകി. മലയാളക്കരയിൽ വാഗ്ഭടാനന്ദഗുരുവും, ചട്ടമ്പി സ്വാമികളും, ശ്രീനാരായണ ഗുരുവും, ശ്രീ അയ്യങ്കാളിയും ജനങ്ങളെ ചിന്തിപ്പിച്ചു. ക്രൈസ്തവസമൂഹത്തിൽനിന്ന് പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് ഒന്നാമനും രണ്ടാമനും, ചാവറ കുറിയാക്കോസ് ഏലിയാസ് കത്തനാരും, പരുമല തിരുമേനിയും, ഈ നവോത്ഥാന പ്രസ്ഥാനത്തിന്റെ ഭാഗഭാഗിത്വം നിർവ്വഹിച്ചു. അധഃസ്ഥിതരുടെ ഉന്നമനവും വിദ്യാഭ്യാസ വിപ്ലവവും ആയിരുന്നു ഈ നവോത്ഥാനപ്രസ്ഥാനത്തിന്റെ മുഖമുദ്രകളായി തെളിഞ്ഞത്.

പരുമല തിരുമേനിയാണ് മലങ്കരസഭയുടെ നവോത്ഥാനശൈലിക്ക്, പ്രത്യേകതിലക്കം വരുത്തിയത്. പുലിക്കോട്ടിൽ ജോസഫ് ദീവന്നാസ്യോസ് രണ്ടാമന്റെ വികസന സ്വപ്നങ്ങൾക്ക് വിശുദ്ധിയുടെ നറുമണമേകി പരുമല തിരുമേനി സഹകരിക്കുകയാണ് യഥാർത്ഥത്തിൽ ചെയ്തത്. അധഃസ്ഥിതരുടെ ഉന്നമനത്തിനും, വിദ്യാഭ്യാസ പ്രവർത്തനങ്ങൾക്കും സഭ ശ്രദ്ധകൊടുക്കണം എന്ന് അദ്ദേഹം എഴുതുകയും, പറയുകയും, ചിലതൊക്കെ നടപ്പിലാക്കുകയും ചെയ്തു. അധഃസ്ഥിതരിൽനിന്ന് പൂർണ്ണമനസ്സോടെ സഭയിലേക്ക് കടന്നുവരുന്നവരെ സ്വീകരിക്കാനുള്ള ആഹ്വാനമായിരുന്നു അതിനോട് ചേർന്ന് നൽകിയത്. അതിന്റെ തുടർച്ചയായി പത്രോസ് മാർ ഒസ്താത്തിയോസ് തിരുമേനി സാക്ഷീകരണത്തിന്റെ ഒരു കർമ്മപദ്ധതി ഏറ്റെടുത്തു. സ്ലീബാദാസ സമൂഹം സ്ഥാപിച്ച്, അധഃസ്ഥിതരുടെ കുടിലുകൾ സന്ദർശിച്ച് ദൈവസ്നേഹത്തെക്കുറിച്ചും, ശുചിത്വബോധത്തെക്കുറിച്ചും അവരെ പ്രബോധിപ്പിച്ചു. സ്വമേധയാ മലങ്കരസഭയിലേക്ക് ആയിരക്കണക്കിന് അധഃകൃതർ ചേർന്നു. അദ്ദേഹം തന്നെ സഭയിൽ ആഭ്യന്തര സുവിശേഷീകരണ യജ്ഞത്തിന്റെ ഒരു കാലഘട്ടവും ആരംഭിച്ചു. നാട്ടുഭാഷയിൽ ആരാധന നടന്നാലേ ആത്മീയമായി ഉണർവുണ്ടാകൂ എന്നദ്ദേഹം വിശ്വസിച്ചു. അങ്ങനെ, ആരാധനാക്രമങ്ങൾ മലയാളത്തിലേക്ക് പരിഭാഷപ്പെടുത്തുവാൻ ഇടയായി.

ഇതേസമയത്ത്, മലങ്കരസഭാംഗങ്ങളായ വിദ്യാർത്ഥികളുടെയിടയിൽ ഒരു ആന്തരികചൈതന്യവിപ്ലവം ആരംഭിച്ചു. "മലങ്കര സുറിയാനി വിദ്യാർത്ഥി സംഘം" യുവജനങ്ങളിൽ പലരെയും, പ്രാർത്ഥന, വേദപഠനം, സാന്മാർഗ്ഗികത, സാക്ഷീകരണ പ്രവർത്തനങ്ങൾ, മുതലായവയിലേക്ക് ആകർഷിച്ചു. അതിന്റെ വാർഷികസമ്മേളനങ്ങൾ ഒരു പുത്തനുണർവ്വു നൽകുന്നവയായിരുന്നു.



ഇതിന്റെ തുടർച്ചയായി, ആത്മചൈതന്യമുള്ള പ്രബോധനങ്ങൾ കൺവൻഷൻ വേദികളിൽ നിന്നുമുയർന്നു. ഫാ. എം. വി. ജോർജ്, ഫാ. റ്റി. ജെ. ജോഷ്വ, വി. റ്റി. ചാക്കോ മാസ്റ്റർ മുതലായവരുടെ ഗാംഭീര്യമുള്ള വചന



ശുശ്രൂഷ സഭയിലുടനീളം നടന്നപ്പോൾ അവയിൽ നിന്ന് ഉത്തേജനം ഉൾക്കൊണ്ട ചിലരൊക്കെ സമർപ്പിത ജീവിതത്തിലേക്കും, വൈദിക ശുശ്രൂഷയിലേക്കും കടന്നുവന്നു. ഫാ. എം. വി. ജോർജിന്റെ ജീവിതം സുവിശേഷാഗ്നികൊണ്ട് ജ്വലിച്ചതായിരുന്നു. ഗീവർഗീസ് മാർ ഒസ്താത്തിയോസ് എന്ന നാമത്തിൽ മെത്രാപ്പോലീത്താ ആയിട്ടും ആ തീപിടിച്ച ജീവിതം ചൂടും വെളിച്ചവും അനേകർക്കു നൽകി. സുവിശേഷ പ്രസംഗകൻ, വൈദികരുടെ ഗുരു, വേദശാസ്ത്രജ്ഞൻ, എഴുത്തുകാരൻ, സാമൂഹ്യസേവകൻ മുതലായ അനേകം നിയോഗങ്ങൾ അദ്ദേഹം ഭംഗിയായി നിറവേറ്റിക്കൊണ്ട് സാക്ഷീകരണത്തിന്റെ ഒരു പുതിയ അദ്ധ്യായം കുറിച്ചു. ഒരു വേദശാസ്ത്രചിന്തകൻ എന്ന നിലയിൽ പൗരസ്ത്യ ക്രൈസ്തവ ആദ്ധ്യാത്മികതയും സാമൂഹ്യയാഥാർത്ഥ്യങ്ങളുമായുള്ള ബന്ധം അദ്ദേഹം ഗൗരവമായിട്ടെടുത്തു. ബഹുത്വാത്മകതയിലെ ക്രൈസ്തവരക്ഷാസന്ദേശം, ത്രിത്വവിശ്വാസത്തിന്റെ സാമൂഹ്യസന്ദേശം എന്നിവയ്ക്ക് അദ്ദേഹം പുതിയ അർത്ഥതലങ്ങൾ കണ്ടെത്തി. ഒരു കൂട്ടം സഹപ്രവർത്തകരെ തന്നോടൊപ്പം നിർത്തി, ആശ്രമം, കോൺവന്റ്, ബാലഭവനുകൾ, ബാലികാഭവനുകൾ, ബാലഗ്രാമം, വൃദ്ധഭവനങ്ങൾ മുതലായവ നട്ടുനനച്ചു വളർത്തി. മിഷൻ ട്രെയിനിംഗ് സെന്റർ, സുവിശേഷപരിശീലന ക്ലാസ്സുകൾ, സുവിശേഷസംഘങ്ങൾ, മിഷൻ പഠനസംഘം, മുതലായവയിലൂടെ സുവിശേഷകേന്ദ്രിതമായ ഒരു തുടർപഠനപദ്ധതിയും ക്രമീകരിച്ചു. ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ ക്രിസ്തുവിന്റെ സ്നേഹം എത്തിക്കുന്നതിന്, "മതംമാറ്റം" അജണ്ടയിലില്ലാത്ത, സാക്ഷീകരണ സംരംഭങ്ങൾ ആരംഭിച്ചു. ഒറീസയിലെ 'കലഹണ്ടി' മിഷൻ ഇതിനുദാഹരണമാണ്. ബാഹ്യകേരള ഭദ്രാസനങ്ങളുടെ പ്രവർത്തനവും മേൽപറഞ്ഞതരം മിഷൻ പ്രവർത്തനവും സമന്വയിപ്പിക്കുവാനുള്ള ഒരു ദർശനത്തോടെ, സ്തേഫാനോസ് മാർ തേവോദോസ്യോസ് മെത്രാപ്പോലീത്തായും രംഗത്തുവന്നു. ഭിലായി സെന്റ് തോമസ് ആശ്രമത്തിന്റെയും മിഷൻകേന്ദ്രത്തിന്റെയും ആഭിമുഖ്യത്തിൽ ഉത്തരേന്ത്യയിൽ വ്യാപിച്ചു വളർന്ന ഒരു സേവനശൃംഖല രൂപപ്പെട്ടു. അങ്ങനെ ഉത്തരേന്ത്യൻ ഗ്രാമങ്ങളിൽ പ്രിയങ്കരനായ, തേവോദോസ്യോസ് മെത്രാപ്പോലീത്താ, ജനങ്ങൾക്ക് "ബഡാ ബാബാ" ആയിത്തീർന്നു. അദ്ദേഹത്തിന് ജനഹൃദയങ്ങളിൽ ലഭിച്ച സ്നേഹത്തിന്റെ നിസ്തുല സ്മാരകമാണ്, ഭിലായിൽ ഒരു റോഡിന് ദേശവാസികളും അധികാരികളും "സ്തേഫാനോസ് തേവോദോസ്യോസ് മാർഗ്" എന്ന് പേരിട്ടത്.

ഭാരതത്തിൽ മാർത്തോമ്മാശ്ലീഹാ തെളിയിച്ച സുവിശേഷ ദീപത്തെ "മതപരിവർത്തന"ത്തിന്റെ കണ്ണാടിക്കൂടിൽ കെടാതെ സൂക്ഷിക്കുന്നവരുണ്ടാകാം. എന്നാൽ യാതൊരു കണ്ണാടിക്കൂടുമില്ലാതെ, ഭാരതത്തിന്റെ സംസ്കാരത്തിനിണങ്ങി, വൈവിധ്യങ്ങളുടെയിടയിലെ ഐക്യഭാവത്തിന്റെ എണ്ണ ഒഴിച്ചും, കാറ്റുകൾക്കെതിരെ സഹനത്തിന്റെയും സേവനത്തിന്റെയും സംരക്ഷണ കരങ്ങൾ ചേർത്തുവച്ചും, ശാന്തമായ കുളിർക്കാറ്റുകൾ ആസ്വദിച്ചും ആ ദീപത്തെ തുടർന്നും കത്തിക്കാൻ കഴിയുമെന്ന സത്യം ഒരു സന്ദേശമാണ്. അതിനായി സമർപ്പിത സുവിശേഷസാക്ഷികളെ ഭാരതം മാടിവിളിക്കുന്നു.

■

മർക്കോസിന്റെ മാളിക പുതുക്കിപ്പണിയാൻ മലങ്കരസഭയുടെ സഹായം (1857)

121. 1856 മത കുംഭ മാസം 23-നു ഊർശ്ലേമിന്റെ അബ്ദുൽ നൂർ ഒസ്താത്യോസ് ഗ്രീഗോറിയോസ് ബാവായും ആ ദേഹത്തിന്റെ ശുശ്രൂഷക്കാരനായ അബ്ദുള്ളാ റമ്പാനും കൂടെ കൊച്ചിയിൽ വന്നിറങ്ങുകയും അവിടെ നിന്നും ബോട്ടു കയറി 25-നു സെമിനാരിയിൽ എത്തി മെത്രാപ്പോലീത്തായുമായിട്ടു കണ്ടു സെമിനാരിയിൽ പാർക്കയും അന്ന് കൂറിലോസ് ബാവാ പുതുപ്പള്ളിക്കു പോയിരുന്നതിനാൽ 26-നു ആ ദേഹവും വന്നു കണ്ടു ബാവാന്മാർ രണ്ടും മെത്രാപ്പോലീത്തായും റമ്പാനും കൂടെ നാലഞ്ചു ദിവസം സെമിനാരിയിൽ പാർത്തു അവിടെ നിന്നും ചെറിയപള്ളിയിൽ മൂന്നു ദിവസം പാർക്കയും പിന്നീട് നിരണത്തു പള്ളിയിൽ പോയി അവിടെ നിന്നും തെക്കേ ദിക്കിലുള്ള പള്ളികളിൽ സഞ്ചരിച്ചു വരുന്നു. ഊർശ്ലേമിന്റെ ബാവായും അത്താനാസ്യോസ് മത്തിയൂസ് മെത്രാപ്പോലീത്തായും കൂടെ റസിഡണ്ട് സായിപ്പിനു എഴുതി അയയ്ക്കയും മണ്ടപത്തും വാതിൽതോറും ഉത്തരവ് വരികയും ചെയ്തു.

ഉത്തരവ് വന്ന് അതിനെ പ്രമാണിച്ചു ചെങ്ങന്നൂർ മണ്ടപത്തുംവാതുക്കൽ നിന്നും എഴുതിയ ചീട്ടിനു പകർപ്പ്.


നമ്പ്ര 620.

വടക്കേക്കര പ്രവൃത്തിയിൽ പാർവത്തിയാർക്കു എഴുതിവരുന്ന ചീട്ട്. ഊർശ്ലേം എന്ന ദേശത്തു നിന്നും ഒരു മെത്രാപ്പോലീത്താ ഇപ്പോൾ കോട്ടയത്തു വന്നിരിക്കുന്നപ്രകാരവും ഈ സംസ്ഥാനത്തുള്ള സുറിയാനി പള്ളികളും ചെന്നു കാണണമെന്നും അപ്പോൾ അതതു സ്ഥലത്തുള്ള ഉദ്യോഗസ്ഥന്മാർ ചെന്നു വേണ്ടുംപ്രകാരം മര്യാദയായി വിചാരിക്കയും സഹായങ്ങൾ ചെയ്തുകൊടുക്കയും ചെയ്യുന്നതിനു നിദാനം വരണമെന്നു ആ മെത്രാപ്പോലീത്തായും മാർ അത്താനാസ്യോസ് മെത്രാപ്പോലീത്തായും ബഹുമാനപ്പെട്ട ബോംബെയിൽ ഗവർണർ സായിപ്പ് അവർകളും എഴുതിയിട്ടുള്ള ലെറ്ററുകൾ കൊടുത്തയക്കുന്നുവെന്നും മഹാരാജശ്രീ റസിഡണ്ട് സായിപ്പ് അവർകൾ 1856-ാം വർഷം മാർച്ച് മാസം 17-നു എഴുതിയ കായിതം ചെല്ലുകകൊണ്ടു ആ മെത്രാപ്പോലീത്താ ഈ മണ്ടപത്തുംവാതുക്കൽ ചേർന്ന പ്രദേശങ്ങളിൽ ഉള്ള പള്ളികൾ കാണുന്നതിനു എത്തിയാൽ മര്യാദയായി വിചാരിച്ചു വേണ്ടുന്ന സഹായങ്ങൾ ചെയ്തുകൊള്ളണമെന്നും 9-നു എഴുതിയ ഉത്തരവു വന്നിരിക്കകൊണ്ട് അപ്രകാരം ആ മെത്രാപ്പോലീത്താ ആ പ്രവൃത്തിയിൽ ചേർന്ന പള്ളികൾ കാണുന്നതിനു എത്തിയാൽ ആ വിവരം ഉടൻ ഇവിടെ എഴുതി അയയ്ക്കുന്നതുമല്ലാതെ മര്യാദയായി വിചാരിച്ചു വേണ്ടുന്ന സഹായങ്ങളും ചെയ്ത അവസ്ഥയ്ക്കു എഴുതി വരികയും വേണം. ഈ ചെയ്തിക്കു ചീട്ട് എഴുതിയ കാര്യം വിചാരിക്കുന്ന ജമാപന്തി രായസം വേലുപിള്ള.

1031 മാണ്ട് മീന മാസം 11-നു.

125. 121 മത ലക്കത്തിൽ പറഞ്ഞിരിക്കുന്ന ഊർശ്ലേമിന്റെ ബാവാ തെക്കേ ദിക്കിലുള്ള പള്ളികളിൽ ഈ സമയം സഞ്ചരിക്കയും എല്ലാ പള്ളികളിൽ നിന്നും ജനങ്ങൾ വരിയിട്ടു ഏറിയ രൂപ കൊടുക്കയും ചെയ്ത് പുതുപ്പള്ളി പള്ളിയിൽ വന്നിരിക്കുമ്പോൾ ആ പള്ളിയിൽ ഇട്ടി കത്തനാരുടെ മകൻ ശെമ്മാശ് ഒന്നാമത് കെട്ടിയിരുന്നവൾ മരിച്ചതിൻറെ ശേഷം രണ്ടാമത് കെട്ടിയ വിവരം ബാവാ അറിഞ്ഞാറെ ആയതു സുറിയാനി മര്യാദയ്ക്കു വിരോധമാകയാൽ ഇനി കത്തനാരുപട്ടം ഏൽക്കരുതെന്നു വിരോധിക്കയും അപ്പോൾ ബാവായെ കാണുന്നതിനു മെത്രാപ്പോലീത്താ വരികയാൽ ഈ ശെമ്മാശിനു കത്തനാരുപട്ടം കൊടുക്കരുതെന്നും ഒരു മെത്രാൻ മറ്റൊരു മെത്രാനെ ഉണ്ടാക്കുന്നത് മര്യാദ അല്ലായ്കെ കൊണ്ട് തൊഴിയൂരേക്കു ഒരു മെത്രാനെ ഉണ്ടാക്കരുതെന്നും വിരോധിക്കയും ചെയ്തു.

127. ഊർശ്ലേമിന്റെ ബാവാ പുതുപ്പള്ളിയിൽ നിന്നും കോട്ടയത്ത് എത്തി രണ്ടു പള്ളികളിലും കുറെ ദിവസം താമസിച്ചുംവച്ച് വടക്കേ ദിക്കുകളിൽ പോയി പാമ്പാക്കുട, മാമ്മലശ്ശേരി മുതലായ ദിക്കുകളിൽ സഞ്ചരിക്കുന്നു.



The building of this monastery finished and completed by the caring of metropolitan abdhal Noor Al Rahvi (from Edessa) with his students rabban gorgis and rabban Abdulla alshareefee. He gave them reward (salary) for their whole work time from the city of Syria and India. He dedicated -offered- the blessed monastery along with holy properties in the year 1858 AD

വി. മർക്കോസിന്റെ മാളികയിൽ സ്ഥാപിച്ചിരിക്കുന്ന ഫലകവും അതിന്റെ തർജമയും



കർത്താവ് അന്ത്യ അത്താഴം കഴിച്ച് വി. കുർബാന സ്ഥാപിച്ച വി. മർക്കോസിന്റെ മാളികയിൽ ഡോ. ഗീവർഗീസ് മാർ യൂലിയോസ് മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചശേഷം ദയറാവാസിയായ റമ്പാനോടൊപ്പം.



കർത്താവ് അന്ത്യ അത്താഴം കഴിച്ച് വി. കുർബാന സ്ഥാപിച്ച വി. മർക്കോസിന്റെ മാളികയിൽ യൂഹാനോൻ മാർ പോളിക്കർപ്പോസ് മെത്രാപ്പോലീത്താ വി. കുർബാന അർപ്പിച്ചശേഷം.

മെത്രാപ്പോലീത്താ കോട്ടയത്തു പാർക്കുന്നു. കൂറിലോസ് ബാവാ ചാലിശ്ശേരി മുതലായ ദിക്കുകളിൽ പാർക്കുന്നു.

136. 131 മത ലക്കത്തിൽ പറഞ്ഞിരിക്കുന്ന ഊർശ്ലേമിന്റെ ബാവായും റമ്പാനും കൂടെ മലയാളത്തുള്ള എല്ലാ സുറിയാനി പള്ളികളിലും സഞ്ചരിച്ച് ജനങ്ങളിൽ നിന്നും പള്ളികളിൽ നിന്നും ആയിട്ടു ഏകദേശം 20000 രൂപായുടെ വക ഊർശ്ലേം വകയ്ക്ക് കിട്ടിയതുംകൊണ്ട് കൊച്ചിയിൽ വന്നു 1857 മത കന്നി മാസം 14-നു ശനിയാഴ്ച കൊച്ചിയിൽ നിന്നും തീക്കപ്പലിൽ കയറി പോകയും ചെയ്തു. കപ്പൽ കയറിയ സമയം കൂറിലോസ് ബാവായും മത്തിയൂസ് മെത്രാപ്പോലീത്തായും കൂടെ ഉണ്ടായിരുന്നു.

170. 126 മത ലക്കത്തിൽ പറഞ്ഞിരിക്കുന്നപ്രകാരം ഊർശ്ലേമിൻറെ ബാവാ കൊച്ചിയിൽ നിന്നും കപ്പൽ കയറി ഊർശ്ലേമിൽ എത്തിയാറെ, ഊർശ്ലേമിലുള്ള സുറിയാനിക്കാരുടെ പള്ളിയാകുന്ന മർക്കോസിന്റെ വീട് നന്നായി പണി ചെയ്യിക്കയും മലയാളക്കാരുടെ മുതൽ കൊണ്ടു നന്നാക്കിയിരിക്കുന്നു എന്ന് കല്ലേൽ കൊത്തിച്ചു പതിക്കയും ചെയ്തിരിക്കുന്നപ്രകാരം മൂസൽ എന്ന രാജ്യത്തെ നമ്മുടെ പള്ളിയിലെ കോറി, എൽദാ മുതലായ കശീശന്മാരുടെ എഴുത്തിൽ കണ്ടിരിക്കുന്നു.

(ഇടവഴിക്കൽ നാളാഗമത്തിൽ നിന്നും)


"സുറിയാനിസഭ കർത്താവിന്റെ തിരുവത്താഴ സ്ഥലം എന്നു വിശ്വസിക്കുന്ന സെഹിയോൻ മാളിക പള്ളിയിൽ വി. കുർബാന അണപ്പാനും ദൈവം കൃപ ചെയ്തു. പ. പരുമല തിരുമേനിയും, പ. വട്ടശ്ശേരിൽ തിരുമേനിയും ഇവിടെ കുർബാന അർപ്പിച്ചിട്ടുണ്ട്. സുറിയാനി സഭയല്ലാതെ മറ്റൊരു സഭക്കാരും ഈ സ്ഥലത്താണ് കർത്താവിനു തിരുവത്താഴം ഒഴുക്കിയത് എന്നു വിശ്വസിക്കുന്നില്ല. അവർ പറയുന്നത് ദാവീദിന്റെ ശവകുടീരം നില്ക്കുന്നതിനോടു ചേർന്നുള്ള സ്ഥലത്തായിരുന്നു കർത്താവിന്റെ തിരുവത്താഴം എന്നാണ്. അതിനു കൊടുത്തിരിക്കുന്ന പേര് Coenaculum എന്നാണ് (അർത്ഥം ഡൈനിംഗ് ഹാൾ). അതു വളരെ വിസ്തൃതമായി പണിതു സൂക്ഷിക്കുന്നു."



- ഫാ. എ. കെ. ചെറിയാൻ

(*ബ്രോങ്ക്സ് സെന്റ് മേരീസ് ദേവാലയവും അമേരിക്കൻ ഭദ്രാസനവും* എന്ന ഗ്രന്ഥത്തിൽ നിന്നും)

പ. പരുമല തിരുമേനി കണ്ട വി. മർക്കോസിന്റെ മാളിക (1895)



"റമ്പാന്മാരിൽ പ്രധാനി അബ്ദുള്ളാ റമ്പാച്ചൻ ആകുന്നു. ഇദ്ദേഹത്തിനു ഇപ്പോൾ 70-നുമേൽ വയസ്സുണ്ടു. ഇദ്ദേഹം മുൻ ആയിരത്തിമുപ്പത്തിരണ്ടാമാണ്ടിടയ്ക്കു ഊർശ്ലേമിന്റെ മാർ ഗ്രീഗോറിയോസ് അബ്ദുൽ നൂർ ബാവായോടു കൂടെ മലയാളത്തു വന്നിരുന്ന റമ്പാച്ചൻ തന്നെ ആകുന്നു. അന്നു മലയാളത്തു നിന്നും പിരിഞ്ഞിട്ടുള്ള വഴിപാടുകൾ കൊണ്ടു ദയറായിൽ ഏതാനും കെട്ടിടങ്ങൾ പണിയിക്കയും പള്ളി അകത്തു ഏതാനും തങ്കംപണി ചെയ്യിക്കയും അവ മലയാളത്തെ പിരിവുകൊണ്ടു ഇന്നാരാൽ ഇന്ന കാലത്തു പണിയിക്കപ്പെട്ടതെന്നു വെള്ളക്കല്ലിൽ കൊത്തി കെട്ടിടങ്ങളുടെ ഭിത്തികളിന്മേൽ പതിക്കയും ത്രോണോസിന്മേൽ എഴുതിവയ്ക്കയും ചെയ്തിട്ടുണ്ട്. സൂറിയായിൽ നിന്നും പിരിഞ്ഞിട്ടുള്ളതും കൂടെ ഈ കൂട്ടത്തിൽ ചേർത്തത്രെ എഴുതിയിരിക്കുന്നത്."



(തിരുമേനി സ്വന്തം കൈപ്പടയിൽ എഴുതിയ യാത്രാവിവരണത്തിന്റെ കൈയെഴുത്തുപ്രതിയിൽ നിന്നും)

സഭാ പാരമ്പര്യം

തിരുസന്നിധിയിൽ നിന്നു ചില പാഠങ്ങൾ – 4

ഫാ. റ്റി. വി. ജോർജ് നെടുമാവ്

നമ്മുടെ വി. സഭയുടെ വിശ്വാസ സംഗതിയിലെന്നപോലെതന്നെ, അതിന്റെ ആരാധനകൾ, അനുഷ്ഠാനങ്ങൾ, പാരമ്പര്യങ്ങൾ എന്നിവയിലും മോറാൻ മാർ ബസ്സേലിയോസ് ഗീവറുഗീസ് ദിതീയൻ കാതോലിക്കാബാവാ തിരുമനസ്സിലേക്ക് നിരങ്കുശമായ ഒരു നിലപാടാണുണ്ടായിരുന്നത്. സഭയുടെ പാരമ്പര്യങ്ങൾ എവിടെയെങ്കിലും അവഗണിക്കപ്പെടുകയോ അപമതിക്കപ്പെടുകയോ, ആരെങ്കിലും അവയെ തുച്ഛീകരിക്കുകയോ ചെയ്യുന്നതു തിരുമേനിക്കു സഹിക്കുകയില്ല. സഭയുടെ വി. പാരമ്പര്യങ്ങൾ എഴുതപ്പെടാത്ത വേദപുസ്തകമായും, വി. വേദപുസ്തകം എഴുതപ്പെട്ട പാരമ്പര്യമായും തിരുമേനി പരിഗണിച്ചിരുന്നു. വി. പാരമ്പര്യങ്ങളൊന്നും വേദപുസ്തക വസ്തുതകൾക്കെതിരല്ലെന്നും പ്രത്യുത, വേദപുസ്തകവും പാരമ്പര്യവും തമ്മിൽ സമീകൃതമായി ചേർന്നുപോകുന്നു എന്നും തിരുമേനി തെളിവുസഹിതം സമർത്ഥിച്ചിട്ടുണ്ട്. വേദപുസ്തകത്തിൽ എഴുതപ്പെട്ടിട്ടില്ലാത്ത അനേകം കാര്യങ്ങളുണ്ടെന്നും (യോഹ. 21:25) അങ്ങനെ എഴുതപ്പെടാത്തവയും പൂർവ്വന്മാർ ഭക്തിപൂർവ്വം അനുസരിച്ച് ആചരിച്ചു വന്നവയുമാണ് നമുക്കു ലഭിച്ചിട്ടുള്ള പാരമ്പര്യങ്ങൾ എന്നുമത്രേ തിരുമേനി കൽപിച്ചിട്ടുള്ളത്. നമ്മുടെ സഭയിലെ പൗരോഹിത്യം, അങ്ങനെ പരമ്പരാധിഷ്ഠിതമായി ഇടമുറിയാത്ത അപ്പോസ്തോല കൈവയ്പാണ്. അപ്പോസ്തോലന്മാർ കർത്താവിൽ നിന്നു പൗരോഹിത്യം പ്രാപിക്കുകയും കൈവെയ്പു മൂലം അത് ഇന്നേയോളം നിലനിൽക്കുകയും ചെയ്യുന്നു. പൗരോഹിത്യപദലബ്ധിക്ക് ഈ കൈവെയ്പ് അനുപേക്ഷണീയമാണ്. ഈദൃശ സംഗതികൾ പലപ്പോഴും തിരുമേനി പറയുകയും പഠിപ്പിക്കുകയും ചെയ്യുന്നത് വി. വേദപുസ്തകം തിരുമുമ്പാകെ വായിച്ചുകേൾപ്പിക്കുമ്പോഴാണ്. വിജ്ഞാനപ്രദവും ഭക്തിജനകവുമായ ഒരു ക്ലാസ്സു തന്നെയാണീ വേദപുസ്തക പാരായണത്തിന്റെ സമയം. വായന കഴിഞ്ഞ് ഈ ലേഖകൻ തിരുമനസ്സിലെ മുറിയിൽ നിന്നും ഇറങ്ങുമ്പോൾ മിക്കവാറും രാത്രി പത്തു മണി കഴിഞ്ഞിരിക്കും. പലപ്പോഴും നല്ല ഒരു റിട്രീറ്റിൽ സംബന്ധിച്ച അനുഭൂതിയോടെയായിരിക്കും മടങ്ങുക.

ഗലാത്യലേഖനം തിരുമുമ്പിൽ വായിക്കയായിരുന്നു. 'മനുഷ്യരിൽ നിന്നല്ല, മനുഷ്യനാലുമല്ല യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ച പിതാവായ ദൈവത്താലും അപ്പോസ്തോലനായ പൗലൂസും കൂടെയുള്ള സകല സഹോദരന്മാരും ... എഴുതുന്നത്' (ഗലാ. 1:1) എന്നു വായിച്ചു തുടങ്ങി.

'പൗലൂസിനു പട്ടം കൊടുത്തതാരാണ്?' തിരുമേനി ചോദിച്ചു. എന്റെ അറിവിനെ പരിശോധിക്കുവാനായിരുന്നില്ല. എനിക്കു പറഞ്ഞു തരുവാനായിരുന്നു.

'കർത്താവ് നേരിട്ടു നൽകി.' ഞാൻ മറുപടി ഉണർത്തിച്ചു. എനിക്ക് ആധാരം മേൽപ്പറഞ്ഞ ഗലാത്യ ലേഖന വാക്യമായിരുന്നു.

'വി. പൗലൂസിനു മാമോദീസ്സാ നൽകിയതാരാണ്?' തിരുമേനി ചോദിച്ചു.

'അനന്യാസ്.' ഞാൻ മറുപടി പറഞ്ഞു.


'എന്നാൽ പിന്നെ മാമോദീസ്സായും നേരിട്ടു നൽകാൻ കർത്താവിനു കഴിയുമായിരുന്നില്ലേ?'

തിരുമനസ്സിലെ ഈ ചോദ്യത്തിന് എന്തു മറുപടി പറയണമെന്ന് എനിക്കറിഞ്ഞു കൂടായിരുന്നു.

തിരുമേനി കൽപിച്ചു:

നമ്മുടെ കർത്താവിന്റെ രക്ഷാകര വ്യാപാരങ്ങളുടെ പിന്തുടർച്ച വി. സഭയിൽ താൻ നിക്ഷേപിച്ചിരിക്കുന്നു. അതു തന്റെ സ്ഥാനാപതികൾ മൂലം തുടർന്നുകൊണ്ടുപോകയുമാണു ചെയ്യുന്നത്. അതിനാണു വി. സഭയിൽ പൗരോഹിത്യം ഏർപ്പെടുത്തുകയും പുരോഹിതന്മാരെ നിയമിക്കുകയും ചെയ്തിരിക്കുന്നത്.

നമ്മുടെ കർത്താവ് നീതിമാനാണ്. സകല നീതിയും നിവൃത്തിക്കേണ്ടതാകുന്നു എന്നു കൽപിച്ചുകൊണ്ടാണല്ലോ താൻ യോഹന്നാനിൽ നിന്നു മാമോദീസായും പൗരോഹിത്യവും പ്രാപിച്ചത്.



പ. മോറാൻ മാർ ബസേലിയോസ് ഗീവർഗീസ് ദിതീയൻ ബാവായിൽ നിന്നും വാമൊഴിയായി പകർന്നു കിട്ടിയ സുറിയാനി സഭാ പാരമ്പര്യങ്ങൾ ശിഷ്യനായ ഫാ. ടി. വി. ജോർജ് അടുത്ത തലമുറയ്ക്കായി കൈമാറി എഴുതിയ ലേഖന പരമ്പര.

കർത്താവ് സാക്ഷാൽ ദൈവമായിരിക്കെ യോഹന്നാനിൽ നിന്നു തനിക്കു പൗരോഹിത്യം പ്രാപിക്കണമായിരുന്നുവോ എന്ന എന്റെ സംശയം ഞാൻ തിരുമനസ്സറിയിച്ചു. 'യോഹന്നാനിൽ നിന്നു മാമോദീസ്സാ ഏൽക്കേണ്ട ആവശ്യം കർത്താവിനെന്തായിരുന്നു?' എന്ന ഒരു ചോദ്യമായിരുന്നു തിരുമനസ്സിലെ മറുപടി. തുടർന്നു തിരുമേനി താഴെ വരുംപ്രകാരം വിശദീകരിച്ചു:

ന്യായപ്രമാണത്തെ നീക്കുവാനല്ല നിവൃത്തിപ്പാനാണു കർത്താവ് വന്നത്. നീതി നിവൃത്തിക്കുന്നതിനു കർത്താവിനു മാമോദീസാ ആവശ്യമായിരുന്നു എങ്കിൽ കൈവെയ്പും അഥവാ പൗരോഹിത്യവും ആവശ്യമായിരുന്നു. എബ്രായ ലേഖനത്തിൽ നിന്നും ഈ സംഗതി തിരുമേനി വിശദീകരിച്ചു. 'ക്രിസ്തു മഹാപുരോഹിതനാകാനുള്ള മഹത്വം സ്വതവേ എടുത്തിട്ടില്ല; നീ എന്റെ പുത്രൻ ഇന്നു ഞാൻ നിന്നെ ജനിപ്പിച്ചിരിക്കുന്നു എന്ന് അവനോട് അരുളിച്ചെയ്തവൻ അവനു കൊടുത്തതത്രേ' (എബ്രാ. 5:5). അതെപ്പോൾ? 'നീ എന്റെ പുത്രൻ' എന്നു പിതാവ് അരുളിയ – യോർദ്ദാൻ നദിയിൽ വച്ചു നമ്മുടെ കർത്താവ് വി. യോഹന്നാനിൽ നിന്നു മാമോദീസാ ഏറ്റപ്പോളാണ്. കർത്താവിന്റെമേൽ യോഹന്നാൻ കൈ വച്ചു മാമോദീസാ കൊടുത്തപ്പോൾ സ്വർഗ്ഗം തുറക്കപ്പെടുകയും, പരിശുദ്ധ റൂഹാ പ്രാവെന്നപോലെ ഇറങ്ങി കർത്താവിന്റെമേൽ



ആവസിക്കുകയും, പിതാവു മേൽപ്രകാരം സാക്ഷിക്കുകയും ചെയ്തു. ആ അവസരത്തിലാണ് മഹാപുരോഹിതത്വം തനിക്കു കിട്ടിയത്. അത് യോഹന്നാന്റെ കൈവെയ്പിനാലായിരുന്നു (ഈ വസ്തുത ബാർ എബ്രായ തന്റെ ഔസാർ റോസേ എന്ന ഗ്രന്ഥത്തിൽ സമർത്ഥിച്ചിട്ടുണ്ട്). 'ആദ്യാചാര്യത്വം കൈക്കൊണ്ടഹറോൻ മൂശയോടൊന്നിച്ച്... യോഹന്നാൻ കർത്താവിന്നും... എന്നാദിയായ ഗീതത്തിന്റെ പൊരുൾ മേൽപ്പറഞ്ഞപ്രകാരം തിരുമേനി വ്യക്തമാക്കി. സർവ്വ നീതിയും നിവൃത്തിക്കാൻ വന്ന കർത്താവിനു ചേലയും മാമോദീസായും ആവശ്യമായിരുന്നുവെങ്കിൽ, നോമ്പും പ്രാർത്ഥനയും വേണമായിരുന്നുവെങ്കിൽ നീതി നിവൃത്തിക്കുന്നതിന് യോഹന്നാനിൽ നിന്നുള്ള കൈവയ്പും ആവശ്യം തന്നെ.

വി. പൗലൂസിന്റെ പൗരോഹിത്യത്തെ പറ്റിയുള്ള പ്രതിപാദനത്തിലേക്കു തന്നെ വീണ്ടും കടന്നു.

പൗലൂസിനു മാമോദീസായുടെയും പൗരോഹിത്യത്തിന്റെയും നൽവരം നേരിട്ടു നൽകാൻ നമ്മുടെ കർത്താവിനു കഴിയുമായിരുന്നു എങ്കിലും മാമോദീസാ നൽകുവാൻ അനന്യാസിനെ നിയോഗിക്കുകയാണല്ലോ ചെയ്തത്. ഇതും നീതിയുടെ നിർവ്വഹണമാണ്.

'മനുഷ്യരിൽ നിന്നല്ല, മനുഷ്യനാലുമല്ല യേശുക്രിസ്തുവിനാലും ...പിതാവായ ദൈവത്താലുമത്രേ അപ്പോസ്തോലനായ പൗലൂസ്' എന്നാണല്ലോ ഗലാത്യ ലേഖനത്തിൽ പറയുന്നത്; അതിനാൽ വി. പൗലൂസിന്റെ അപ്പോസ്തോലത്വം കർത്താവിനാൽ നേരിട്ട് നൽകപ്പെട്ടു എന്നു വേണമല്ലോ ഗലാത്യ ലേഖനത്തിലെ ആദ്യ വാക്യംകൊണ്ടു മനസ്സിലാക്കാൻ?' ഞാൻ തിരുമനസ്സുണർത്തിച്ചു.

ആ വാക്യം ഒന്നു കൂടി വായിക്കുവാൻ തിരുമേനി കൽപിച്ചു. ഞാൻ വായിച്ചു.

'അപ്പോസ്തോലനായ പൗലൂസും കൂടെയുള്ളവരും ഗലാത്യസഭകൾക്ക് എഴുതുന്നത്. മനുഷ്യരിൽ നിന്നല്ല മനുഷ്യനാലുമല്ല യേശുക്രിസ്തുവിനാലും അവനെ മരിച്ചവരുടെ ഇടയിൽനിന്ന് ഉയിർപ്പിച്ച പിതാവായ ദൈവത്താലുമത്രേ' എന്നു ധരിക്കുന്നതിലെന്താണു തെറ്റ്? തിരുമേനി ചോദിച്ചു. ക്രിസ്തുസഭാ വിദ്വേഷിയായിരുന്ന ശൗൽ (പൗലൂസ്) ദമസ്ക്കോസിന്റെ പടിവാതുക്കൽ വച്ച് അത്ഭുതകരമായവിധം ക്രിസ്തുവിനാൽ പിടിക്കപ്പെടുകയും ക്രിസ്തുവിന്റെ സഭയിൽ അംഗമായിത്തീരുകയും ചെയ്ത സംഭവത്തെക്കുറിച്ചുള്ള - അതേ തന്റെ വിളിയെയും തെരഞ്ഞെടുപ്പിനെയും പറ്റിയുള്ള സ്മരണയും, ക്രിസ്തുവിനെക്കുറിച്ചുള്ള പരിജ്ഞാനവുമാണിവിടെ വിവക്ഷിക്കപ്പെടുന്നതെന്നു തിരുമേനി വെളിപ്പെടുത്തി. വി. പൗലൂസ് ക്രിസ്തുമതസിദ്ധാന്തങ്ങൾ പഠിക്കുകയും അതിൽ പ്രഗത്ഭനായിത്തീരുകയും ചെയ്തത് ദൈവിക വെളിപ്പാടു മൂലമാണ്. ഗലാത്യർക്കു ലേഖനമെഴുതുന്നത് ആ നിലയിലാണെന്നത്രേ അവിടെ പറയുന്നത്. ഗലാത്യ 1:11-ൽ നിന്ന് ഇതു തിരുമേനി ഒന്നു കൂടെ വ്യക്തമാക്കി. 'സഹോദരന്മാരെ, ഞാൻ അറിയിച്ച സുവിശേഷം മാനുഷമല്ല എന്നു നിങ്ങളെ ഓർപ്പിക്കുന്നു. അതു ഞാൻ മനുഷ്യരോടു പ്രാപിച്ചിട്ടില്ല, പഠിച്ചിട്ടുമില്ല. യേശുക്രിസ്തുവിന്റെ വെളിപ്പാടിനാലത്രേ പ്രാപിച്ചത്.' ഇതിൽനിന്നും പൗലൂസ് തന്റെ അപ്പസ്തോലസ്ഥാനത്തെപ്പറ്റിയോ കൈവെപ്പിനെപ്പറ്റിയോ അല്ല, സുവിശേഷത്തെപ്പറ്റിയാണ് ഗലാ. 1:1-ൽ പറയുന്നത് എന്നു സിദ്ധിക്കുന്നു.

അങ്ങനെയെങ്കിൽ വി. പൗലൂസിനു ലഭിച്ച കൈവെപ്പും അപ്പോസ്തോലത്വവും എങ്ങനെയെന്നു വ്യക്തമാക്കിത്തരണമെന്ന് ഞാൻ അപേക്ഷിച്ചു.

വി. പൗലൂസിനു കൈവെയ്പു ലഭിക്കുന്ന ഭാഗം നടപ്പുകളുടെ പുസ്തകത്തിൽ തിരുമേനി ചൂണ്ടിക്കാണിച്ചു. 'ഞാൻ ബർന്നബാസിനെയും പൗലൂസിനെയും വിളിച്ചിരിക്കുന്ന വേലയ്ക്കായി അവരെ എനിക്കു വേർതിരിപ്പിൻ എന്നു പരിശുദ്ധാത്മാവു പറഞ്ഞു; അങ്ങനെ അവർ (അന്ത്യോക്യായിൽ പാർത്തിരുന്ന ശിഷ്യന്മാർ) ഉപവസിച്ചു പ്രാർത്ഥിച്ച് അവരുടെമേൽ കൈവെച്ച് അവരെ പറഞ്ഞയച്ചു (നടപ്പ് 13:3). ഇങ്ങനെ വേർതിരിക്കപ്പെട്ട വേലയ്ക്ക് - പൗരോഹിത്യ ശുശ്രൂഷയ്ക്കും സുവിശേഷഘോഷണത്തിനും - ബർന്നബാസും പൗലൂസും കൈവെയ്പ്പു പ്രാപിച്ചു. ഈ കൈവെയ്പു മൂലം പൗലൂസും ബർന്നബാസും മറ്റ് അപ്പോസ്തോലന്മാർക്കു തുല്യരാകുന്നില്ല.

കർത്താവ് തന്റെ ശിഷ്യന്മാർക്ക് പൗരോഹിത്യ നൽവരം നൽകിയതിനെപ്പറ്റി അപ്പോസ്തോല ശിഷ്യനും, വി. പത്രോസിൽ നിന്നും വി. പൗലൂസിൽ നിന്നും കൈവെയ്പു പ്രാപിച്ചവനും, റോമിന്റെ എപ്പിസ്കോപ്പായുമായ മാർ ക്ലീമ്മിസ് പറയുന്നത്, കർത്താവ് ശിഷ്യന്മാരെ അടുക്കൽ വിളിച്ച് സകല ഭൂതങ്ങളുടെമേലും വ്യാധികളെ സൗഖ്യമാക്കുവാനും ...ദൈവരാജ്യം പ്രസംഗിപ്പാനും അവരെ അയച്ചപ്പോൾ (ലൂക്കോ. 9:1) ശെമ്മാശന്മാരായും, തന്റെ ഉയിർപ്പിനു ശേഷം പ്രത്യക്ഷപ്പെട്ട് 'ആരുടെ പാപങ്ങൾ നിങ്ങൾ മോചിക്കുന്നുവോ അവ മോചിക്കപ്പെട്ടിരിക്കുന്നു' (യോഹ. 20:22-33) എന്നു കൽപ്പിച്ച് അധികാരം നൽകിക്കൊണ്ട് അവരുടെമേൽ ഊതിയപ്പോൾ അവരെ കശ്ശീശന്മാരായും, തന്റെ സ്വർഗ്ഗാരോഹണവേളയിൽ അവരുടെമേൽ തന്റെ കൈ ഉയർത്തി അവരെ അനുഗ്രഹിച്ചപ്പോൾ (ലൂക്കോ. 24:51) പ്രധാനാചാര്യന്മാരായും നിയമിച്ചു എന്നാണ് (വി. ശ്ലീഹന്മാരുടെ ഉപദേശങ്ങളാണ് വി. ക്ലീമ്മിസ് രേഖപ്പെടുത്തിയിരിക്കുന്നത്). പൗരോഹിത്യത്തിന്റെ പൂർണ്ണതയായ പ്രധാനാചാര്യത്വമല്ല നടപ്പ് 13:3-ൽ കാണുന്ന കൈവെയ്പ്പുകൊണ്ട് വി. പൗലൂസിനും വി. ബർന്നബാസിനും ലഭിച്ചത്. മറ്റ് അപ്പോസ്തോലന്മാരോടു തുല്യമായ പ്രധാനാചാര്യത്വനൽവരം അവർക്കു ലഭിച്ചത് അപ്പോസ്തോലന്മാരിൽ നിന്നു തന്നെയാണ്.

'എനിക്കു ലഭിച്ച കൃപ അറിഞ്ഞുകൊണ്ട് തൂണുകളായി എണ്ണപ്പെട്ടിരുന്ന യാക്കോബും കേപ്പാവും യോഹന്നാനും ... ഞങ്ങൾക്കു സംബന്ധത്തിന്റെ വലംകൈ തന്നു എന്ന് ഗലാ. 2:9-ൽ വി. പൗലൂസ് പ്രസ്താവിച്ചിരിക്കുന്നു. പ്രോട്ടസ്റ്റന്റുകാർ അച്ചടിപ്പിച്ചിട്ടുള്ള വേദപുസ്തക പ്രതികളിൽ 'സംബന്ധത്തിന്റെ വലംകൈ' എന്നതിനു പകരം 'കൂട്ടായ്മയുടെ വലംകൈ' എന്നാണു കാണുന്നതെന്നും ആ വാക്കുകൾക്ക് അർത്ഥപുഷ്ടിയില്ല എന്നും തിരുമേനി കൽപിച്ചു. ശവുത്തോപ്പൂസോ - അതായതു സംബന്ധത്തിന്റെ വലംകൈ - എന്നുതന്നെയാണ് മൂലഭാഷയിൽ. 'ശവുത്തോപ്പൂസോ' എന്ന വാക്കിന് 'ഒപ്പം പങ്കാളിയാക്കുക' എന്നാണ് അർത്ഥം. ആകയാൽ യാക്കോബും കേപ്പാവും യോഹന്നാനും കൂടി സംബന്ധത്തിന്റെ വലംകൈ കൊടുത്തപ്പോൾ പൗലൂസിനെയും ബർന്നബാസിനെയും അവരോടൊപ്പം പങ്കാളികളാക്കുകയത്രേ ചെയ്തത്. അതായത് തുല്യരാക്കിത്തീർത്തു എന്നു സാരം.

'സംബന്ധം' എന്ന വാക്കിന് കേവലം ഐക്യം എന്നോ ബന്ധം എന്നോ ഉള്ള അർത്ഥം മാത്രമല്ല ഉള്ളത്; കൂദാശാപരമായ സംബന്ധം എന്നത്രേ. ഹൂദായകാനോനിൽ സംബന്ധം എന്ന പദം കൂദാശാപരമായ അർത്ഥത്തിൽ ധാരാളം ഉപയോഗിച്ചിട്ടുണ്ട്. തൽക്കാലം ഒരു ഉദാഹരണം മാത്രം ചൂണ്ടിക്കാണിക്കാം. ഹൂദായ കാനോൻ 4-ാം കെപ്പാലയോൻ 3-ാം പാസോക്കായിൽ ഉറഹായുടെ യാക്കോബിന്റെ ഒരു നിശ്ചയത്തിൽ 'വേശ്യാദോഷത്തിൽ പരസ്യമായി ഇരിക്കുന്നവൻ സംബന്ധത്തിൽ നിന്നു വേർതിരിക്കപ്പെടണം. ... പുറജാതിക്കാരനാകയും പിന്നീടു തിരിച്ചുവരികയും ചെയ്യുന്നവനായ ക്രിസ്ത്യാനിയുടെമേൽ പ്രധാനാചാര്യൻ പ്രാർത്ഥന നടത്തണം. അനുതാപത്തിന്റെ കാലം അവൻ തികയ്ക്കുമ്പോൾ അവൻ സംബന്ധിപ്പിക്കപ്പെടാം' (അതായത് അവനു വി. കുർബ്ബാന കൊടുക്കാം). ഇവിടെ സംബന്ധം എന്ന പദം വി. കുർബ്ബാനാനുഭവം എന്ന അർത്ഥത്തിലാണ് ഉപയോഗിച്ചിരിക്കുന്നത് (ഹൂദായകാനോൻ 4-ാം കെപ്പാലയോൻ മുഴുവൻ വി. കുർബ്ബാനയെപ്പറ്റിയാണ്). വി. പൗലൂസ് ഗലാത്യ 2:9-ൽ 'സംബന്ധത്തിന്റെ വലംകൈ' എന്നാണു പറഞ്ഞിരിക്കുന്നത്. അതായത് കൂദാശാപരമായ വലംകൈ. ഇതിന് കൈവെയ്പ് എന്ന അർത്ഥവിവക്ഷയത്രേ ഉള്ളത്.

സംബന്ധത്തിന്റെ വലംകൈ അതായതു കൂദാശാപരമായ വലംകൈ മൂന്ന് അപ്പോസ്തോല പ്രമുഖന്മാർ - തൂണുകളായി എണ്ണപ്പെട്ടവർ - ചേർന്ന് വി.

പൗലൂസിനും ബർന്നബാസിനും കൊടുത്തു. അതു പ്രധാനാചാര്യത്വത്തിന്റേതായ കൈവെയ്പാണ്. അത് മറ്റ് അപ്പോസ്തോലന്മാരുടേതിനേക്കാൾ ഒട്ടും കുറഞ്ഞതല്ലെന്ന് വി. പൗലൂസ് തന്നെ വ്യക്തമാക്കിയിട്ടുമുണ്ട് (2 കോരി. 11:5, 12:11).

കർത്താവിന്റെ പന്ത്രണ്ടു ശിഷ്യന്മാരിൽ ഒരുവനായിരുന്നശേഷം വീണുപോയ നാശത്തിന്റെ പുത്രനായ യൂദാസ്ക്കറിയോത്തിനു പകരം ദൈവാത്മാവിനാൽ തെരഞ്ഞെടുക്കപ്പെട്ട വി. മത്യാസും അപ്പോസ്തോലത്വം പ്രാപിച്ചത് ശേഷം അപ്പോസ്തോലന്മാരിൽ നിന്നാണെന്ന് നടപ്പുകളുടെ പുസ്തകത്തിൽ നിന്നു വ്യക്തമാകുന്നുണ്ടല്ലോ (നടപ്പ് 1:26). അതും കർത്താവിന്റെ സ്വർഗ്ഗാരോഹണശേഷമാണ്. നമ്മുടെ കർത്താവിന്റെ സ്വർഗ്ഗാരോഹണത്തിനുശേഷം അപ്പോസ്തോലസ്ഥാനത്തേക്കു വന്നവരെല്ലാം അപ്പോസ്തോലന്മാരിൽനിന്നും ദൃശ്യമായ കർമ്മം - കൈവെയ്പു - മുഖേന നൽവരം പ്രാപിക്കയാണു ചെയ്തിട്ടുള്ളത്. വി. പൗലൂസ് ഉൾപ്പെടെയുള്ള എല്ലാ അപ്പോസ്തോലന്മാരും കൈവെയ്പുമൂലമാണ് ശെമ്മാശന്മാരെയും ആചാര്യന്മാരെയും പ്രധാനാചാര്യന്മാരെയും നിയമിച്ചത് (നടപ്പ് 6:6, 1 തിമോ. 4:14, 1 തിമോ. 5:22, 2 തിമോ. 1:16). അങ്ങനെയുള്ള കൈവെയ്പ് ഇന്നേയോളം വി. സഭയിൽ തുടർന്നുകൊണ്ടിരിക്കുന്നു.

വി. പൗലൂസിന്റെ കൈവെയ്പിനെപ്പറ്റി മേൽപ്രകാരമെല്ലാം വിശദീകരിച്ചുതന്നശേഷം തിരുമേനി ഇപ്രകാരം കൽപിച്ചു. വി. പൗലൂസിനു പൗരോഹിത്യം നേരിട്ടു കിട്ടി എന്ന ധാരണയിൽ സ്വയം ആചാര്യന്മാർ എന്നു നടിച്ചു നടക്കുന്നവർ ഇക്കാലത്തു ദുർല്ലഭമല്ല. എന്നാൽ അതു വി. വേദത്തിനോ, വി. സഭയുടെ പാരമ്പര്യത്തിനോ, ദൈവത്തിന്റെ നീതിക്കോ ചേർന്നതല്ല എന്നു നാം പ്രത്യേകം അറിഞ്ഞിരിക്കണം. പ്രാർത്ഥനയും വിശുദ്ധ ജീവിതവും മൂലം ദിവ്യമായ കൃപകൾ പ്രാപിച്ചവരുണ്ട്. എന്നാൽ അതു പൗരോഹിത്യ നൽവരമല്ല. പൗരോഹിത്യം അതിന്റെ വിളിയും മാർഗ്ഗവും അനുസരിച്ചു കൈക്കൊള്ളേണ്ടതത്രേ.



ഫാ. ഫിലിപ്പ് ഓലമുക്കിൽ നിര്യാതനായി



കൊല്ലം ഭദ്രാസനത്തിൽ കാരിക്കൽ ഇടവകാംഗവും അസിസ്റ്റന്റ് വികാരിയും ആയിരുന്ന ഫാ. ഫിലിപ്പ് ഓലമുക്കിൽ നിര്യാതനായി.

വേദനാദം-34

ഒക്ടോബർ 14

നന്മയുടെ വെണ്മയിലേക്കൊരു ഗുരുമൊഴി

സ്ലീബാപെരുന്നാളിന് ശേഷം അഞ്ചാം ഞായർ

(വി. മത്തായി 23:1-12)



ഫാ. മാത്യു വർഗീസ് കുളങ്ങാട്ടിൽ

വിഭിന്ന സന്ദർഭങ്ങളിൽ കർത്താവ് പഠിപ്പിച്ചത്, മത്തായി ശ്ലീഹാ ക്രോഡീകരിച്ചതാവാം ഈ വേദഭാഗമെന്നാണ് പണ്ഡിതമതം. മതനേതൃത്വത്തെ കുറിച്ചുള്ള വിമർശനാത്മക സമീപനമാണിവിടെ കാണുന്നത്.*മോശയുടെ പീഠം* എന്നത് ഒരു ആലങ്കാരിക വിശേഷണമാണ്. പരീശന്മാരും ഗുരുക്കന്മാരും *മോശയുടെ അധികാരത്തോടെ പഠിപ്പിച്ചു വന്നു* എന്നാണ് അതിന്റെ സൂചന. പ്രസംഗവും, അപ്രായോഗിക ജീവിതവും വിപൽക്കരമായ പ്രതിസന്ധിയാണ് എന്ന് കർത്താവ് സൂചിപ്പിക്കുകയാണിവിടെ. ഇത് സുവിശേഷകൻ സ്വന്തം ശൈലിയിൽ ക്രോഡീകരിച്ചതുമാവാം. പ്രവർത്തനോന്മുഖമായ മതജീവിതത്തിലേക്കുള്ള ആഹ്വാനമായി ഈ ബോധനത്തെ കാണാം.

1. നുകങ്ങൾ

ഒരു കാലത്ത്, നുകം വഹിക്കുന്ന മൃഗങ്ങൾ നാട്ടിൻപുറങ്ങളിലെ സാധാരണ കാഴ്ച്ചകളിലൊന്നായിരുന്നു. ഇന്നവ അറവുശാലയുടെ അലങ്കാരങ്ങളായി തീർന്നിരിക്കുന്നു. പലപ്പോഴും കുതറാതെ നുകം വഹിക്കുവാൻ ശീലിപ്പിക്കപ്പെട്ടവയായിരുന്നു അവയെല്ലാം. ദൈവം നൽകുന്ന നുകം മൃദുവായിട്ടുള്ളതാണ്. അത് കൂട്ടായി വഹിക്കുവാനുള്ള സംവിധാനമാണ് കുടുംബവും, സഭയും, സന്യാസ മഠങ്ങളും എല്ലാം. ഒരുമിച്ച് വഹിക്കേണ്ടത് ഒറ്റയ്ക്ക് ചുമക്കുവാൻ വിധിക്കപ്പെടുന്ന അനീതിയാണ് സമൂഹത്തിൽ കാണുന്ന കുറ്റകൃത്യങ്ങൾക്ക് നിദാനം.

ചിലപ്പോൾ നിയമങ്ങളും ബന്ധങ്ങളും ഒക്കെ നുകങ്ങളായി തീരുന്നുണ്ട്. ഇഷ്ടമില്ലാതെ ചുമക്കേണ്ട അനിഷ്ടങ്ങൾ സങ്കടകരമാണ്. കുടുംബ-സഭാജീവിതങ്ങളിലെല്ലാം ചിലപ്പോൾ ഇത്തരത്തിലുള്ള അനിവാര്യതകളുണ്ട്. ഒരു പിതാവിന്റെ സ്നേഹഹീനമായ വാക്കുകൾ ഭവനത്തെ തടവറയായി കാണാൻ ഒരു കുഞ്ഞിനെ പ്രേരിപ്പിച്ചേക്കാം. ദരിദ്രഭൂരിപക്ഷത്തിനുമേൽ നീതിരഹിതമായി അടിച്ചേൽപ്പിക്കപ്പെടുന്ന സഭാഭരണവും ഇതിൽ നിന്ന് വ്യതിരിക്തമായിരിക്കുകയില്ല. *കുറേനാക്കാരൻ ശീമോൻ* നിയോഗിതനായതുപോലെ ക്രിസ്തുവിന്റെ നുകങ്ങളെ വഹിക്കുന്ന ദൗത്യം സഭാമക്കൾ ഏറ്റെടുക്കണം. ഉപവാസവും ഭക്തിയും സഭാജീവിതമായി പരിണമിക്കാൻ ആ പ്രവാചക സൂക്തം ഹൃദയത്തിലുണ്ടാകണം -*അന്യായബന്ധനങ്ങളെ അഴിക്കുക; നുകത്തിന്റെ അമികയറുകളെ അഴിക്കുക; പീഡിതരെ സ്വതന്ത്രരായി വിട്ടയക്കുക; എല്ലാ നുകത്തെയും തകർക്കുക.(യെശ. 58:6). സുരക്ഷിത ക്രൈസ്തവികത ക്രിസ്തീയമല്ലെന്ന മുന്നറിയിപ്പ് എപ്പോഴും മനസ്സിലുണ്ടാകുന്നത് എല്ലാ നുകങ്ങളും, ദൗത്യങ്ങളും ഏറ്റെടുക്കാൻ നമ്മെ സഹായിക്കും.*

2. പ്രമുഖർക്കൊരു മുന്നറിയിപ്പ്

മുഖ്യാസനങ്ങൾ എന്നും ഒരു പ്രലോഭനമായിരിക്കാം.സഹോദരന്മാരേ, അധികം ശിക്ഷാവിധി വരുമെന്നോർത്ത്, നിങ്ങളിൽ അനേകർ ഉപദേഷ്ടാക്കളാകരുത്(യാക്കോബ് 3.1). ഇത് വളരെ പ്രധാനമായ ഒരു മുന്നറിയിപ്പാണ്. നിശ്ചയമില്ലാത്ത ധനത്തിലല്ല, നമുക്ക് സകലവും, ധാരാളമായി അനുഭവിക്കുവാൻ തരുന്ന ദൈവത്തിൽ പ്രത്യാശ വെയ്ക്കുവാനും, നന്മ ചെയ്യുവാനും, സൽപ്രവൃത്തികളിൽ സമ്പന്നരായി ദാനശീലരും, ഔദാര്യമുള്ളവരുമായി സാക്ഷാൽ ജീവനെ പിടിച്ചുകൊള്ളേണ്ടതിനും വരുംകാലത്തേക്ക് നല്ലൊരു അടിസ്ഥാനം നിക്ഷേപിച്ചുകൊള്ളുവാനും പഠിപ്പിക്കുക(1 തീമോ. 6.17-19) എന്നതാണ് എപ്പിസ്കോപ്പായായ തീമോത്തിയോസിന് നൽകുന്ന പ്രബോധനം. പ്രാമുഖ്യം ദൈവത്തിന് നൽകുന്നവനായിരിക്കുന്നവരെ ദൈവസന്നിധിയിൽ വലിയവനാകു. അരിസ്റ്റോട്ടിൽ കുറിച്ചതുപോലെ*ഒരു ഋജുരേഖ മറ്റൊരു ഋജുരേഖയുമായി എല്ലാ*




വിധത്തിലും ഒത്തിരിക്കും; എന്നാൽ ഒരു വളഞ്ഞ രേഖയ്ക്ക് ഒരു ഋജുരേഖയുമായി ഒത്തിരിക്കാൻ കഴിയുകയില്ല എന്നതാണ് വസ്തുത.വിശുദ്ധ തിയോഫാൻ എഴുതിയതുപോലെ, Throw out of your head the idea that you can, through a comfortable life, become what you must be in Christ. *സാത്താൻ സമ്പൂർണ്ണമായ ഭൗമികത മനുഷ്യരിൽ സൃഷ്ടിക്കുമ്പോൾ യേശുതമ്പുരാൻ സമ്പൂർണ്ണമായ* സ്വർഗ്ഗരാജ്യത്തെയാണ് നമുക്ക് വാഗ്ദത്തം ചെയ്തിരിക്കുന്നത് എന്നോർക്കുക. ഈ മൺകൂടാരത്തെ മാത്രം സ്വന്തമാക്കുന്നവർക്കിതൊരു മുന്നറിയിപ്പാണ്.

2. ഗുരുക്കന്മാരുടെ വെണ്മ

കർത്താവിന്റെ സാമൂഹ്യവിമർശനങ്ങൾ അവതരിപ്പിക്കുന്ന ഒരു ഭാഗമാണിത്. കപടഭക്തിക്കാരായ ശാസ്ത്രിമാരും പരീശന്മാരുമായുള്ളോരെ നിങ്ങൾക്ക് ഹാ കഷ്ടം (But woe to you, scribes, and phrisees, hypocrites...) എന്നാണ് സംബോധന ചെയ്യപ്പെടുന്നത്. ഗ്രീക്ക് നാടകത്തിലെ തീയേറ്റർ സംവിധാനത്തിൽ നിന്ന് ഉരുത്തിരിഞ്ഞ ഒരു വാക്കാണ് hypocrites. ഒരു നടനായി സങ്കൽപ്പിക്കപ്പെട്ട പ്രത്യേക കഥാപാത്രത്തെയാണ് അതുകൊണ്ട് ഉദ്ദേശിക്കപ്പെടുന്നത്. സാങ്കൽപ്പികമായ ഒരു കഥാപാത്രമായി തീരുകയല്ല മതനേതാക്കളുടെ ദൗത്യം. *നാട്യമല്ല നന്മയാണ്* ദൈവം ഗുരുക്കന്മാരിൽ നിന്ന് ആവശ്യപ്പെടുന്നത്. ഗുരു ആരായിരിക്കണമെന്ന ചോദ്യത്തിന് യേശുവായിരിക്കും ഏറ്റവും ഉചിതമായ മാതൃക. ഗുരുവിന്റെ ഉണ്മ നന്മയാണ്. നന്മയെന്നത് നാട്യമില്ലായ്മ കൂടിയാണെന്ന ആന്തരീകധ്വനി ഈ വേദഭാഗത്തിനുണ്ട്. മോർ ക്രിസോസ്റ്റമോസ് സലാമ മെത്രാച്ചന്റെ*മനുഷ്യജീവിതം കൊണ്ട് മരണത്തെ താളടിയാക്കി മാലാഖമാരെപ്പോലെ ആയി നിത്യതയെ ആശ്ലേഷിക്കുന്നവരാണ് ക്രിസ്ത്യാനികൾ* എന്ന വാചകം ഇവിടെ ചേർത്ത് വായിക്കാം.

ചരിത്രപഠിതാക്കൾക്ക് ലൂയി പതിനാലാമൻ രാജാവിന്റെ വാക്കുകൾ ഓർമ്മയിലുണ്ടാകും -*ഞാൻ തന്നെയാണ് രാഷ്ട്രം.* രാഷ്ട്രത്തിനേൽക്കുന്ന ഏത് ആഘാതവും തനിക്കുള്ള പ്രഹരങ്ങളാണ് എന്ന ചിന്ത ഒരു ഭരണാധികാരിയെ കൃത്യനിർവ്വഹണബോധമുള്ളവനാക്കും. അകൃത്യങ്ങളുടെ ആൾരൂപങ്ങളായതിനാലാണ് കർത്താവ് പരീശന്മാരെയും സപ്രേംകാരെയും വിമർശിച്ചത്. നാമമാത്ര ക്രിസ്ത്യാനിത്വം എന്നത് കേവലം സ്ഥാപനസംരക്ഷണം മാത്രമായിരിക്കുമ്പോൾ യഥാർത്ഥ ക്രിസ്തീയത ക്രിസ്തുവിനായി ക്രിസ്തുവിനെപോലെ ജീവിക്കുകയല്ലാതെ മറ്റൊന്നല്ല.*തവള വാഴയിലയിൽക്കൂടി സവാരിചെയ്യുമ്പോലെ, ആടിയുലഞ്ഞ് വിറയാർന്നുള്ളതോനവക്രിസ്തീയതയെന്ന് സംശയിച്ചുപോകുന്ന ഇക്കാലത്ത് ഇന്ന്, ഇന്നു കൂടി പട്ടം മരക്കൊമ്പിൽ ഉടക്കിപ്പോയിയെന്ന കുട്ടിന്യായം പോലെ ജീവിതനിയോഗങ്ങളെ സമീപിക്കുന്ന ശൈലികളെ നമുക്ക് മാറ്റിവെയ്ക്കാം.* ■

ഭക്ത കവി മോശ വത്സലത്തിന് 'ശാസ്ത്രി' ബഹുമതി നൽകിയത് പുലിക്കോട്ടിൽ രണ്ടാമൻ തിരുമേനി



CERTIFICATE
FROM
HIS GRACE THE MOST REVEREND
MAR DIONYSIUS
Metropolitan of Malabar


—❊ സാധനം ❊—

മദ്ര

മയലാളത്തിന്നുടെ മർ ദിവന്നാസ്സ്യാസ്സ്
മെത്രാപ്പൊലീത്തായിൽ നിന്നും —

നമ്മുടെ ആത്മീക മക്കളായ എല്ലാവരും കൂടി കണ്ടെന്നാൽ നിങ്ങൾക്കും വാഴ്വു് —

മോശ വത്സലം എന്ന ഈ കവി നമ്മുടെ മുമ്പാകെ വരികയും, ഇയ്യാളാൽ ചമയ്ക്കപ്പെട്ടതായ അനേകതരം കവിതകളിൽ നമ്മുടെ കർത്താവിന്റെ ജനനം, കഷ്ടാനുഭവം, ഉയിർത്തെഴുന്നീല്പു മുതലായി വേദസംബന്ധമായ അറിവിനെ വർദ്ധിപ്പിക്കുന്ന സാരമേറിയ ചില കവിതകളെ ഗീതവാദ്യങ്ങളോടുകൂടെ നമ്മുടെ മുമ്പാകെ വെച്ചു പാടി കേൾക്കയും, അതിൽ അടങ്ങിയിരിക്കുന്ന സാരാംശങ്ങളെ ആവർത്തനയായി പറഞ്ഞുകേൾക്കയും ഉണ്ടായതിൽ വളരെ നാം തൃപ്തിപ്പെട്ടുകയും, ഈ കവിതകളും കേൾക്കുന്നവരുടെ ഹൃദയത്തെ മശിഹായിങ്കലുള്ള വിചാരത്തിങ്കലേക്ക



ii

ഉണർത്തുവാൻ തക്കപ്രകാരം ഈ കവിതകളിൽ അടങ്ങിയിരിക്കുന്ന വിനയമുള്ള വചനങ്ങളാൽ സംഗതി വരുമെന്നും നാം വിചാരിക്കുന്നു. എന്നു മാത്രമല്ല, ഏതുകാര്യങ്ങളും അതാതിന്റെ യോഗ്യതക്കും യുക്തിക്കും ഒത്തവണ്ണം മഹാരസികതരമായും ദൈവീക കാര്യങ്ങളെ കുറിച്ചാകുമ്പോൾ ഭക്തിക്കു തക്കതായും എത്രയും എളുപ്പത്തിൽ വിശേഷവിധമായ കവിതകൾ ചമപ്പാൻ ഇയാൾ എത്രയും പൊൽക്കൊണ്ട മനുഷ്യൻ എന്നു നാം ബോധിച്ചിരിക്കുന്നതാകയാൽ **വത്സലശാസ്ത്രി**—എന്നുള്ള നാമധേയത്തിന്നു യോഗ്യനായി കാണുന്നു. ദൈവനാമമഹത്വത്തിന്നും ക്രിസ്ത്യാവിശ്വാസികളുടെ പ്രയോജനത്തിന്നുമായി ചമയ്ക്കപ്പെട്ട കവിതകളെ നമ്മുടെ എല്ലാ സഭകളും സന്തോഷത്തോടെ കേൾക്കയും ഈ നല്ല മനുഷ്യനെ എല്ലാവനും പ്രീതിയോടു കൈക്കൊള്ളുകയും വേണം. നമ്മുടെ കർത്താവീശോമശിഹായുടെ കൃപ നിങ്ങൾ എല്ലാവരോടും കൂടെ സദാ വർദ്ധിച്ചിരിക്കുമാറാകട്ടെ.

എന്നു 1883-ക്കു കൊല്ലം 1058
മകരം 27-ാം തീയതി ആലപ്പുഴ നിന്നും
(ഒപ്പു)

1883-ൽ സാമുവൽ മെറ്റീറിന്റെ കീഴിൽ എൽ.എം.എസിന്റെ സഞ്ചാര സുവിശേഷകൻ ആയിരുന്ന, ഭക്തകവിയും ക്രൈസ്തവ കർണാടക സംഗീതജ്ഞനുമായ മോശ വത്സലത്തിന് മലങ്കര മെത്രാപ്പോലീത്താ ആയിരുന്ന ജോസഫ് മാർ ദീവന്നാസ്യോസ് (1865-1909, പുലിക്കോട്ടിൽ രണ്ടാമൻ) നൽകിയ പ്രശംസാപത്രത്തിന്റെ അച്ചടിച്ച രൂപം. ഇത് മോശ വത്സലത്തിന്റെ ചെറുമകൻ ജെ. ജോൺ (ദീർഘകാലം ഓർഗനിസ്റ്റും കയർമാസ്റ്ററും ആയിരുന്നു) 1958-ൽ അച്ചടിച്ച സമാഹാരത്തിൽ നിന്നാണ്. ഈ രേഖയനുസരിച്ച് മലങ്കര മെത്രാപ്പോലീത്താ ആണ് ആദ്യമായി അദ്ദേഹത്തിന് ശാസ്ത്രി എന്ന പദവി നൽകിയത്. ഇതിനു മുൻപ് എഴുത്തിലല്ലാതെ വാമൊഴിയിൽ 'ശാസ്ത്രി' എന്ന് വിളിച്ചിരുന്നോ എന്ന് വ്യക്തമല്ല.

മനോജ് എബനേസർ കണ്ടെടുത്ത് "സുറിയാനി ക്രിസ്ത്യാനികൾ ജാതിമേന്മ ഒട്ടും കുറയ്ക്കാതെ കൊണ്ടുനടന്നിരുന്ന അക്കാലത്ത് എൽ.എം.എസുകാരനായ മോശ വത്സലത്തെ അംഗീകരിക്കാൻ മെത്രാപ്പോലീത്താ കാണിച്ച മനസ്സ് മഹനീയമാണ്" എന്ന് പറഞ്ഞ് ഫെയിസ് ബുക്കിൽ പങ്കുവെച്ചത്.





ഭക്തകവിയും
ക്രൈസ്തവ കർണാടക
സംഗീതജ്ഞനുമായ
മോശ വത്സലം

1847-ൽ റവ. ജോൺ കോക്സ് എന്ന പാശ്ചാത്യ മിഷനറിയുടെ മിഷനറി പ്രവർത്തനത്തിന്റെ ഫലമായി തിരുവനന്തപുരത്തിനടുത്തുള്ള നെയ്യാറ്റിൻകര താലൂക്കിലുള്ള തിരുപ്പുറം ഗ്രാമത്തിലെ ഒരു റോമൻ കത്തോലിക്ക കുടംബാംഗമായിരുന്ന അന്തോണി മിഷനറി സായിപ്പുമാരോട് ഒപ്പം ചേർന്നു. അരുളാനന്ദം എന്ന പുതു നാമവും സ്വീകരിച്ചു. LMS മിഷനറിയായിരുന്ന ജോൺ നോക്സിന് അരുളാനന്ദത്തിനോടുള്ള വാത്സല്യം നിമിത്തം അദ്ദേഹത്തെ 'വത്സലം' എന്ന ഓമനപ്പേരിലാണ് വിളിക്കാറുണ്ടായിരുന്നത്. ജോൺ നോക്സ് വത്സലത്തെ ഒരു സുവിശേഷ പ്രവർത്തകനായി നിയമിച്ചു.

സുവിശേഷകൻ അരുളാന്ദവത്സലത്തിന് ഒരു മകൻ ജനിച്ചപ്പോൾ ആ കുട്ടിയുടെ ജ്ഞാനസ്നാപനം നടത്തിയ മിഷനറി അവന് മോശ എന്നു പേരിട്ടു. മറ്റൊരു മിഷനറി ശമുവേൽ മെറ്റീർ പിതാവിന്റെ ഓമനപ്പേരായ വത്സലം കൂടി ചേർത്ത് കുഞ്ഞിനെ മോശവത്സലം എന്ന് വിളിച്ചു.

പ്രാഥമിക വിദ്യാഭ്യാസം കഴിഞ്ഞതിന് ശേഷം സംസ്കൃതം, ഇംഗ്ലീഷ് എന്നിവ പഠിച്ച് ജയിച്ച് ഒരദ്ധ്യാപകനായി. ലളിതകലകളിൽ ജന്മവാസനയുണ്ടായിരുന്ന മോശ, സംഗീതത്തിലും ചിത്രരചനയിലും പ്രത്യേക പരിശീലനം നേടിയിരുന്നതിനാൽ സ്കൂളിൽ ആ വിഷയങ്ങളും പഠിപ്പിച്ചു. 1868-ൽ 21-ആം വയസ്സിൽ തിരുവനന്തപുരം നെല്ലിക്കുഴിയിൽ മനവേലി കുടുംബത്തിൽ നിന്നു റാഹേലിനെ വിവാഹം ചെയ്തു.

അദ്ധ്യാപകനായി ജീവിതം തുടങ്ങിയെങ്കിലും മോശവത്സലത്തിന്റെ ആഗ്രഹം ഒരു സുവിശേഷകനാകണമെന്നായിരുന്നു. വൈദീകപഠനത്തിനായിട്ടു് അദ്ദേഹം അദ്ധ്യാപകവൃത്തി ഉപേക്ഷിച്ചു്; നാഗർ കോവിലിലുള്ള സെമിനാരിയിൽ നിന്നു് വൈദീകവിദ്യാഭ്യാസം പൂർത്തിയാക്കി. അതിനു് ശേഷം സംഗീതത്തിലും ചിത്രമെഴുത്തിലും ഉപരിപഠനത്തിനായി തിരുവനന്തപുരത്തു് താമസമാക്കി. ചിത്രമെഴുത്തിൽ നേടിയ പരിശീലനത്തിന്റെ ഫലമായി സുവിശേഷപ്രവർത്തനത്തിനു് സഹായകരമായ് വേദകഥകൾ സ്ലൈഡുകളായി നിർമ്മിക്കുവാൻ തുടങ്ങി. അതേകാലത്തു് തന്നെ കർണ്ണാടകസംഗീതത്തിലും പാശ്ചാത്യസംഗീതത്തിലും കൂടുതൽ പ്രാവീണ്യം നേടി.

കർണ്ണാടകസംഗീതത്തിലും പാശ്ചാത്യസംഗീതത്തിലും കൂടുതൽ പ്രാവീണ്യം നേടിയതിനു് ശേഷമാണു് അദ്ദേഹം ക്രിസ്തീയഗാനങ്ങൾ രചിക്കുന്നതിൽ ശ്രദ്ധ കേന്ദ്രീകരിക്കുവാൻ തുടങ്ങിയതു്. ഇംഗ്ലീഷിലെ പ്രശസ്തമായ ക്രൈസ്തഗാനങ്ങൾ മലയാളത്തിലാക്കുന്നതിനായിരുന്നു അദ്ദേഹത്തിന്റെ ആദ്യത്തെ ശ്രമം.

തിരുവനന്തപുരത്തെ മിഷനറിയായിരുന്ന സാമുവൽ മെറ്റീർ, മോശ വത്സലത്തെ LMS മിഷൻ ഓഫീസിൽ നിയമിക്കുകയും അവിടുത്തെ ബൃഹത്തായ പുസ്തക സഞ്ചയത്തിന്റെ ചുമതല ഏല്പിക്കുകയും ചെയ്തു. ഇത് ഇംഗ്ലീഷിലും, സംസ്കൃതത്തിലും, തമിഴിലുമുള്ള നിരവധി അപൂർവ്വ ഗ്രന്ഥങ്ങളുമായി പരിചയപ്പെടാൻ അദ്ദേഹത്തിനു് അവസരം നൽകി. അദ്ദേഹത്തിന്റെ ആത്മകഥയിൽ ഇങ്ങനെ പറയുന്നു.



'1872-ലാണ് ഞാൻ പ്രഥമ കീർത്തനം രചിച്ചത്. അന്നു മുതൽ ഗാനരചന അഭംഗുരം തുടർന്നു വന്നു. മലയാളത്തിലും, തമിഴിലും, തെലുങ്കിലും, സംസ്കൃതത്തിലും, ഇംഗ്ലീഷിലും പ്രമുഖകവികൾ രചിച്ച കൃതികളിലെ ആശയങ്കാരങ്ങൾ ഇളവുകൂടാതെ ഞാൻ പഠിച്ചു കൊണ്ടിരുന്നു.'


ആരാധനകളിൽ ഉപയോഗിക്കുവാനുള്ള കീർത്തനങ്ങൾ രചിക്കുവാൻ മിഷനറി സായിപ്പ് മോശവത്സലത്തെ നിയോഗിക്കുകയും വേണ്ട പ്രോത്സാഹനം നല്കുകയും ചെയ്തു. അതിനെ തുടർന്ന് അദ്ദേഹം നിരവധി ക്രിസ്തീയ കീർത്തനങ്ങൾ രചിച്ചു. അദ്ദേഹം രചിച്ചവയിൽ വളരെ പ്രശസ്തി ആർജ്ജിച്ചതും ഇന്നും കേരള ക്രൈസ്തവർ വ്യാപകമായി ഉപയോഗിക്കുകയും ചെയ്യുന്ന ഒട്ടേറെ മലയാള ക്രിസ്തീയ കീർത്തനങ്ങൾ ഉണ്ട്.

LMS മിഷൻ ഓഫീസിൽ കുറച്ചു കാലം പ്രവർത്തിച്ചതിനു് ശേഷം മോശ വത്സലം ഒരു സുവിശേഷകനായി സഭാസേവനത്തിനിറങ്ങി. തിരുപ്പുറം, നെല്ലിക്കാക്കുഴി എന്നീ സ്ഥലങ്ങളിൽ സഭാശുശ്രൂഷകനായി സേവനമനുഷ്ഠിച്ചു. 1891 മുതൽ ജീവിതാവസാനം വരെ മോശവത്സലത്തിന്റെ സകല പ്രവർത്തനങ്ങളും കാട്ടാക്കടയിൽ കേന്ദ്രീകരിച്ചു. 1916 ഫെബ്രുവരി 20-ന് മോശ വത്സലം അന്തരിച്ചു.



സഭാപിതാക്കന്മാർ

അത്താനാസ്യോസ്



ക്രൈസ്തവസഭാചരിത്രത്തിലെ *സത്യവിശ്വാസത്തിന്റെ സമർത്ഥനായ പോരാളി*. അലക്സാന്ത്രിയയിൽ ജനിച്ചു. ബാല്യത്തിൽ അലക്സന്ത്രയോസ് മെത്രാന്റെ മേൽനോട്ടത്തിലും ശിക്ഷണത്തിലും വളർന്നു. പിന്നീട് ആഫ്രിക്കൻ മരുഭൂമിയിലെ സന്ന്യാസികളെ തേടിപ്പുറപ്പെട്ട ഇദ്ദേഹം *വി. അന്തോണിയോസിന്റെ* ശിഷ്യനും സഹായിയുമായി. ഈ സഹവാസത്തിന്റെ ഊഷ്മളതയാണ് *'അന്തോണിയോസിന്റെ ജീവിതം'* എന്ന കൃതിയിൽ ഇദ്ദേഹം പ്രകടമാക്കുന്നത്. *അലക്സന്ത്രയോസിന്റെ സെക്രട്ടറിയും, ശെമ്മാശനും* ആയ ഇദ്ദേഹം ഏറ്റവും അധികം ശ്രദ്ധേയനായത് *അറിയൂസിന്റെ വേ ദവിപരീതത്തിന്റെ* പശ്ചാത്തലത്തിലാണ്. നിഖ്യാ സുന്നഹദോസിൽ, *'പുത്രനാംദൈവത്തിന്, പിതാവിനോട് സാരംശത്തിൽ സമത്വമുള്ളവൻ'* എന്ന വിശേഷണം അംഗീകരിക്കപ്പെട്ടു കിട്ടുവാനും വിശ്വാസപ്രമാണത്തിൽ അതു ചേർക്കുവാനും ഇദ്ദേഹം കഠിനമായി പ്രയത്നിച്ചു.

പിന്നീട് *അലക്സന്ത്രിയായിലെ മെത്രാനായിരുന്ന അത്താനാസ്യോസ്*, സത്യവിശ്വാസ സംരക്ഷണത്തിനുവേണ്ടി ധീരതയോടെ പോരാടി. *പതിനേഴു വർഷത്തോളം പീഡിപ്പിക്കപ്പെട്ടു*. നാടുകടത്തൽ അനുഭവിച്ചു. ഇദ്ദേഹത്തിനെതിരേ അറിയൂസുകാരുടെ കുബുദ്ധിതന്ത്രങ്ങൾ കണ്ടു മനസ്സുമടുത്ത ജനങ്ങൾ, അവസാനം ചക്രവർത്തിയായ വാലൻസിന്റെയടുക്കൽ സമ്മർദ്ദം ചെലുത്തി. അത്താനാസ്യോസിനെ എ.ഡി.366-ൽ തിരിച്ചു വരുത്തി. അതു മുതൽ താരതമ്യേന സമാധാനപരമായ ഒരു ജീവിതം നയിക്കുവാൻ ഇദ്ദേഹത്തിനു കഴിഞ്ഞു. തന്റെ *പിൻഗാമിയായ പത്രോസ് എന്ന മെത്രാനെ* അഭിഷേകം ചെയ്തിട്ട് *എ.ഡി.373-ൽ കാലം ചെയ്തു.*

പഴയനിയമത്തിലെ പല ഗ്രന്ഥങ്ങൾക്കും അത്താനാസ്യോസ് വ്യാഖ്യാനം എഴുതിയിട്ടുണ്ടെങ്കിലും അദ്ദേഹത്തിന്റെ *സങ്കീർത്തനത്തിനെഴുതിയ വ്യാഖ്യാനം* മാത്രമേ ലഭ്യമായിട്ടുള്ളൂ. വിശ്വാസപരമായ *പുറജാതികൾക്കെതിരേ* എന്ന കൃതിയും *വചനം ജഡമായതിനെക്കുറിച്ച്* എന്ന കൃതിയും ആദ്യകാല സൃഷ്ടികളിൽപ്പെടുന്നു. കൂടാതെ *നിഖ്യാ സുന്നഹദോസിന്റെ പ്രഖ്യാപനങ്ങൾ* എന്ന ലേഖനവും *അന്തോണിയോസിന്റെ ജീവചരിത്രവും, മറ്റു ചില ലഘു പ്രബന്ധങ്ങളും* അദ്ദേഹം രചിച്ചിട്ടുണ്ട്. അത്താനാസ്യോസിന്റെ ഏറ്റവും വലിയ വേദശാസ്ത്രസംഭാവന *യേശുക്രിസ്തുവിന്റെ ദൈവത്വത്തെ സംബന്ധിച്ചിട്ടുള്ള വിശദീകരണവും ദൈവത്വത്തിൽ പുത്രൻ പിതാവിനോട് തുല്യനാണ് എന്ന പ്രഖ്യാപനവുമാണ്.*

- സഖറിയ ജേക്കബ്

ബഥനി ആശ്രമ ശതാബ്ദി: കെ. വി. മാമ്മനെ ആദരിച്ചു



കോട്ടയം: ബഥനി ആശ്രമത്തിന്റെ ശതാബ്ദിയുടെ ഭാഗമായി സഭാചരിത്ര-ജീവചരിത്ര-പത്രപ്രവർത്തന മേഖലകളിൽ 70 വർഷത്തോളമായി നിസ്തുല സേവനം നൽകിയ ബഥനിയുടെ ചരിത്രകാരനായ കെ. വി. മാമ്മനെ പഴയ സെമിനാരിയിൽ ഒക്ടോബർ 9-ന് നടന്ന പ്രത്യേക സമ്മേളനത്തിൽ ആദരിച്ചു. നവതിയിലേയ്ക്കു പ്രവേശിക്കുന്ന മാമ്മച്ചൻ ഊർജ്ജസ്വലതയുടെയും ലാളിത്യത്തിന്റെയും ആൾരൂപമാണെന്ന് ഫാ. ഡോ. ടി. ജെ. ജോഷ്വ പറഞ്ഞു. ഫാ. ഡോ. ഒ. തോമസ് വൈദികസെമിനാരിയുടെ ഉപഹാരം നൽകി. ഫാ. സഖറിയ ഒ.ഐ.സി., ഫാ. മത്തായി ഒ.ഐ.സി. എന്നിവർ പ്രസംഗിച്ചു.

മണ്ണിൽ ഇറങ്ങി പുതുതലമുറ



ഡൽഹി: മണ്ണിൽ പൊന്നുവിളയിക്കാൻ യുവജനതയുടെ ശ്രമദാനം. ഹോസ് ഖാസ് സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ യുവജനപ്രസ്ഥനം 2018 ഒക്ടോബർ 7 ന് ഒരുക്കിയ 'മണ്ണും പഠനവും,' എന്ന പഠനയാത്ര എല്ലാ വിഭാഗത്തിൽ പെട്ട ആളുകളുടെ സാന്നിധ്യം കൊണ്ടും ശ്രദ്ധയാകർഷിച്ചു. ഡൽഹി ഡിയോസിസിന്റെ സാമൂഹിക പദ്ധതിയായ ശാന്തിഗ്രാമിൽ ആണ് കൊച്ചു കുട്ടികൾ മുതൽ 60 വയസ് ഉള്ള മുതിർന്നവർ വരെ വളരെ നാളുകൾക്കു ശേഷം മണ്ണിലേക്ക് ഇറങ്ങിയത്. ശാന്തിഗ്രാമിൽ ഹോസ് ഖാസ് കത്തീഡ്രൽ യുവജന പ്രസ്ഥനം ഒരു മീൻകുളം നിർമിക്കാൻ പദ്ധതിക്കും തുടക്കം കുറിച്ചു. ശാന്തിഗ്രാമിലെ സ്കൂളിലേക്കുള്ള ലൈബ്രറിക്ക് വേണ്ടിയുള്ള എല്ലാ സഹായ സഹകരണവും നൽകും. കത്തീഡ്രൽ വികാരി ഫാ . അജു എബ്രഹാം, ശാന്തിഗ്രാം മാനേജർ ഫാ. ജിജോ പുതുപ്പള്ളി എന്നിവർ നേതൃത്വം നൽകി

News, Advertisements,Wishes Etc...
Contact 8078914931
9446407503
Email:malankaranewsbulletin@gmail.com
Add Size:15 cm x 10 cm Half Page Jpeg / tif file



ഡോ. മാത്യൂസ് മാർ തീമോത്തിയോസ് ദുബായ് സോണാപ്പൂർ ലേബർ ക്യാമ്പ് ഏരിയായിലെ സോണാപ്പൂർ പ്രാർത്ഥനായോഗത്തിൽ പങ്കെടുക്കുന്നു.

പിറവം പള്ളി: കോടതി അലക്ഷ്യ ഹർജി ഫയൽ ചെയ്തു

പിറവം: സെന്റ് മേരീസ് ഓർത്തഡോക്സ് കത്തീഡ്രൽ സംബന്ധിച്ച സുപ്രീം കോടതി വിധി നടപ്പാക്കാത്ത സംസ്ഥാന സർക്കാരിനെതിരെ കോടതി അലക്ഷ്യ നടപടി ആരംഭിച്ചു. വികാരി ഫാ. സ്കറിയ വട്ടക്കാട്ടിലാണ് ഹർജിയുമായി സുപ്രീംകോടതിയെ സമീപിച്ചത്. ചീഫ് സെക്രട്ടറി ടോം ജോസാണ് എതിർ കക്ഷി. പിറവം പള്ളി കേസിൽ ഓർത്തഡോക്സ് സഭക്ക് അനുകൂലമായ കോടതി വിധി ജസ്റ്റിസ് അരുൺ മിശ്ര അദ്ധ്യക്ഷനായ ബെഞ്ച് പുറപ്പെടുവിച്ചിരുന്നു. മലങ്കര സഭയുടെ പള്ളികൾ 1934-ലെ ഭരണഘടനപ്രകാരം ഭരിക്കപ്പെടണമെന്നുള്ള 2017 അന്തിമ വിധി പിറവം കേസിനും ബാധകം ആണെന്നും കോടതി ഉത്തരവ്. ഓർത്തഡോക്സ് സഭയ്ക്ക് അനുകൂലമായ 1958, 1995, 2017 സുപ്രീം കോടതി വിധികൾ കട്ടച്ചിറ സെന്റ് മേരീസ് പള്ളി കേസിൽ ചീഫ് ജസ്റ്റിസ് രഞ്ജൻ ഗഗോയി അദ്ധ്യക്ഷനായ ബെഞ്ച് ശരി വെച്ചിരുന്നു.

ഹർജി തള്ളി

കൊച്ചി: കണ്ടനാട് ഈസ്റ്റ് ഭദ്രാസനത്തിലെ മണ്ണത്തൂർ സെന്റ്.ജോർജ്ജസ് ഓർത്തഡോക്സ് വലിയപള്ളിയിൽ വിഘടിത വിഭാഗം ഫയൽ ചെയ്തിരുന്ന EP 1/18 ഇലക്ഷൻ ഹർജി കേരള ഹൈക്കോടതിയിൽ ജസ്റ്റിസ് ഹരിപ്രസാദ് തള്ളിക്കൊണ്ട് ഉത്തരവായി.

അലക്സിൻ ജോർജിന് ഡാക് സേവ അവാർഡ്



തിരുവനന്തപുരം; ഭാരതീയ തപാൽ വകുപ്പ് കേരള സർക്കിളിന്റെ ഭരണ തലത്തിലെ പരമോന്നത ബഹുമതിയായ ഡാക് സേവ അവാർഡ് അലക്സിൻ ജോർജിന്. പുരസ്ക്കാരം ഒക്ടോബർ 15-ന് തിരുവനന്തപുരത്ത് വച്ചു നടക്കുന്ന ചടങ്ങിൽ നൽകും. ഡൽഹിയിൽ തപാൽ വകുപ്പ് ഇന്റർനാഷണൽ റിലേഷൻസിൽ അസി. ഡയറക്ടർ ജനറലായി സേവനം അനുഷ്ഠിക്കുന്നു. പാമ്പാടി കെ.ജി. കോളജ് കെമിസ്ട്രി വിഭാഗം അധ്യാപിക പ്രിൻസി സൂസൻ കോശിയാണ് ഭാര്യ.